23
2021
ഒക്ടോബർ
ശനി
1197
തുലാം 8

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 177 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-177 പേജ് 4. വില 2.00 രൂപ




02 9361 പേർക്ക് കോവിഡ്; 99 മരണം; ടിപിആർ 11.64
03 കേരളത്തിൽ ആദ്യ ഡോസ് വാക്സിനേഷൻ 94.2 ശതമാനം
04 സിബിഐയുടെ പെരുമാറ്റം സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരെ പോലെ

# ജപ്തി നടപടികൾക്ക് ഡിസം. 31 വരെ മോറട്ടോറിയം


തിരുവനന്തപുരം: ജപ്തി നടപടികൾക്ക് ഈ വർഷം ഡിസംബർ 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ച് റവന്യു വകുപ്പ് ഉത്തരവിറക്കി. കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചടവടക്കാരും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയ്ക്കാണ് മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവിറക്കിയത്.

സംസ്ഥാനത്തെ മഴക്കെടുതിയെ തുടർന്നുണ്ടായ കൃഷിനാശവും കടലാക്രമണവും കോവിഡ് ലോക്ഡൗണും കണക്കിലെടുത്താണ് തീരുമാനം. ഇതോടെ മോറട്ടോറിയം സംസ്ഥാനത്തു പ്രാബല്യത്തിലായി.




ഹൗസിംഗ് ബോർഡ്, കോ ഓപറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, റവന്യൂ റിക്കവറി ആക്ട് 1968 ലെ 71ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് എടുത്ത കാർഷിക വിദ്യാഭ്യാസ ക്ഷീരവികസന മൃഗസംരക്ഷണ വായ്പകൾക്ക് ഇത് ബാധകമാകുമെന്ന് ഉത്തരവിൽ പറയുന്നു.

ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ,എൻബിഎഫ്സി., എംഎഫ്ഐ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകപളിലെ ജപ്തി നടപടികൾക്ക് ഡിസംബർ 31 വരെ മോറട്ടോറിയം ദീർഘിപ്പിക്കാൻ റിസർവ് ബാങ്കിനോടും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും ആവശ്യപ്പെടാനും കഴിഞ്ഞ യാഴ്ച ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു.



## മുന്നറിയിപ്പില്ലാതെ ഷോളയാർ തുറന്നു; തമിഴ്നാടിനെ അതൃപ്തി അറിയിച്ച് കേരളം

മുന്നറിയിപ്പില്ലാതെ ഷോളയാർ തുറന്നു; തമിഴ്നാടിനെ അതൃപ്തി അറിയിച്ച് കേരളം

എ്യശരമ്യ, ഛരഠീയലൃ 22, 2021 8:33 ജങ കടഠ

തിരുവനന്തപുരം: കനത്ത മഴ പെയ്ത് ചാലക്കുടി പുഴയിൽ ജലനിരപ്പുയർന്ന സമയത്ത് മുന്നറിയിപ്പില്ലാതെ തമിഴ് നാട് ഷോളയാർ ഡാം തുറന്ന് വിട്ടതിൽ കേരളം അതൃപ്തി അറിയിച്ചു. കനത്ത മഴയിൽ നിറഞ്ഞതോടെ പീച്ചി, ചിമ്മിനി ഡാമുകൾ തുറക്കുകയും ചാലക്കുടി പുഴയിൽ ജല നിരപ്പ് ഉയരുകയും ചെയ്തു.

ഇതേ സമയത്താണ് തമിഴ്നാട് ഭാഗത്തുള്ള ഷോളയാർ തുറന്നുവിട്ടത്. ഷോളയാറിലെ ജലംകൂടി അപ്രതീക്ഷിതമായി ഒഴുകിയെത്തിയതോടെ ചാലക്കുടിപുഴയിൽ പെട്ടെന്ന് ജലനിരപ്പ് ഉയർന്നു. ഇത് നാശനഷ്ടങ്ങൾക്കിടയാക്കിയിരുന്നു.

# നൂറു കോടി വാക്സിൻ: ഇന്ത്യ ചരിത്രം രചിച്ചെന്ന് പ്രധാനമന്ത്രി



ന്യൂഡൽഹി: നൂറുകോടി വാക്സിനേഷൻ റിക്കാർഡിൽ ഇന്ത്യ. രാജ്യം സ്വന്തമാക്കിയത് ചരിത്രനേട്ടമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശാസ്ത്രരംഗത്ത് ഇന്ത്യ കൈവരിച്ച മുന്നേറ്റമാണിത്. ഈ നേട്ടം സ്വന്തമാക്കാൻ ഇന്ത്യയെ സഹായിച്ച ഡോക്ടർമാർക്കും നഴ്സുമാർക്കും ആരോഗ്യപ്രവർത്തകർക്കും പുറമേ രാജ്യത്തെ 130 കോടിയിലധികം വരുന്ന ജനങ്ങൾക്കും പ്രധാനമന്ത്രി അഭിനന്ദനമറിയിച്ചു.

ഇന്ത്യ അഭിമാനനേട്ടം സ്വന്തമാക്കിയതിൻറെ ഭാഗമായി പ്രധാനമന്ത്രി ഡൽഹിയിലെ രാം മനോഹർ ലോഹ്യ ആശുപത്രി സന്ദർശിച്ച് ജീവനക്കാരുമായി സംസാരിച്ചു. ഇന്നലെ രാവിലെ പത്തോടെയാണ് രാജ്യം നൂറു കോടി വാക്സിൻ പിന്നിട്ടത്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ ലോകത്ത് സംഭവിച്ച ഏറ്റവും വലിയ മഹാമാരിയെ തടയുന്നതിന് ഇന്ത്യ ശക്തമായ സംരക്ഷണകവചം തീർത്തതായും മോദി പറഞ്ഞു.

ആരോഗ്യമന്ത്രാലയത്തിൻറെ കണക്കുകളനുസരിച്ച് 18 വയസിനു മുകളിൽ രാജ്യത്തെ 75% ആളുകൾ ആദ്യ ഡോസ് വാക്സിനും 30% ആളുകൾ രണ്ടു ഡോസും സ്വീകരിച്ചു. കഴിഞ്ഞ ജനുവരിയിൽ തുടങ്ങിയ വാക്സിനേഷൻ ഒൻപതു മാസങ്ങൾകൊണ്ടു 100 കോടിയിലെത്തി. ഇതോടെ ചൈനയ്ക്കുശേഷം ലോകത്ത് ഏറ്റവുമധികം ആളുകൾക്കു വാക്സിൻ നൽകിയ രാജ്യമെന്ന നേട്ടം ഇന്ത്യ സ്വന്തമാക്കി.

12 കോടി ആളുകൾ വാക്സിൻ സ്വീകരിച്ച ഉത്തർ പ്രദേശാണ് ഒന്നാം സ്ഥാനത്ത്. ഒൻപതു കോടി പേർ വാ ക്സിൻ സ്വീകരിച്ച മഹാരാഷ്ട്ര യാണ് രണ്ടാം സ്ഥാനത്ത്. പശ്ചിമബംഗാൾ, ഗുജറാത്ത്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ആദ്യ അഞ്ച് സ്ഥാനങ്ങളിലുണ്ട്.

പ്രധാനമന്ത്രി നരേന്ദ്ര മോ ദിയുടെ ജന്മദിനമായ സെപ്റ്റംബർ 17ന് രണ്ടു കോടി വാക്സിനുകളാണു നൽകിയത്. അതിനു ശേഷമുള്ള ഒരു മാസത്തിനുള്ളിൽ വാക്സിനേഷനിൽ 60% കുറവാണുണ്ടായത്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ദിവസേന 40 ലക്ഷത്തിനടുത്ത് വാക്സിൻ നൽകി വരുന്നു. നേട്ടം ആഘോഷിക്കുന്നതിനായി പുരാവസ്തു വകുപ്പിൻറെ നിയന്ത്രണത്തിലുള്ള 100 സ്മാരകങ്ങളിൽ ദേശീയ പതാകയുടെ നിറങ്ങളിൽ വെളിച്ചം തെളിയിച്ചു.

യുനെസ്കോയുടെ പൈതൃകപട്ടികയിലുള്ള സ്മാരകങ്ങളായ ചെങ്കോട്ട, കുത്തബ് മിനാർ, ഹുമയൂണിൻറെ ശവകുടീരം, ഫത്തേപുർ സിക്രി, ഹംപി, ഖജുരാഹോ തുടങ്ങിയ സ്ഥലങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര ആരോഗ്യ മന്ത്രി ചെങ്കോട്ടയിൽ നിന്നും പ്രത്യേക സംഗീത ആൽബം പുറത്തിറക്കി.

# സിൽവർ ലൈന് കുരുക്ക്; കടബാധ്യത ഏറ്റെടുക്കാനാവില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: സിൽവർ ലൈൻ പദ്ധതിക്ക് കുരുക്ക്. കടബാധ്യത ഏറ്റെടുക്കാനാവില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയനുമായുള്ള കൂടിക്കാഴ്ചയിൽ കേന്ദ്ര റെയിൽവേമന്ത്രിയാണ് ഇക്കാര്യം അറിയിച്ചത്.

നിലവിലെ സാഹചര്യത്തിൽ സിൽവർ ലൈൻ പദ്ധതി ഏറ്റെടുക്കാനാവില്ലെന്നാണ് കേന്ദ്രത്തിൻറെ വെളിപ്പെടുത്തൽ. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് പാതയാണ് സിൽവർ ലൈൻ പദ്ധതി.

63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 1,383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിനുൾപ്പെടെ ആവശ്യമായി വരിക. ഇതിൽ 1,198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനു മാത്രം 13,362.32 കോടി രൂപ ആവശ്യമാണ്.

കിഫ്ബി വഴി 2100 കോടി രൂപ ഭൂമി ഏറ്റെടുക്കലിനായി വകയിരുത്തുന്നുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി മുന്നോട്ടുപോകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിരുന്നു.ഒന്നാം ഘട്ട സ്ഥലം ഏറ്റെടുക്കലിനായി 3000 കോടി രൂപയുടെ വായ്പ ഹഡ്കോ അനുവദിച്ചുകഴിഞ്ഞു.

പദ്ധതിയുടെ നടത്തിപ്പിനായി അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളായ ജയ്ക്ക ഉൾപ്പെടെ സാമ്പത്തികസഹായം നൽകാൻ മുന്നോട്ടു വന്നിട്ടുണ്ട്. എഐഐബി, കെഎഫ്ഡബ്ല്യൂ, എഡിബി എന്നീ ധനകാര്യസ്ഥാപനങ്ങളുമായി ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു.

## ഹജ് നടപടികൾ നവംബറിൽ ആരംഭിക്കും

ന്യൂഡൽഹി: ഹജ് തീർഥാടനത്തിനുള്ള നടപടികൾ നവംബറിൽ ആരംഭിക്കുമെന്ന് കേന്ദ്രസർക്കാർ. രണ്ട് ഡോസ് വാക്സീൻ സ്വീകരിച്ചവർക്കാകും ഹജ്ജിനുള്ള അനുമതി നൽകുക. നവംബർ ആദ്യവാരം ഓൺലൈൻ അപേക്ഷ നൽകിത്തുടങ്ങാനാവുമെന്ന് ന്യൂനപക്ഷകാര്യമന്ത്രി മുക്താർ അബ്ബാസ് നഖ്വി പറഞ്ഞു.

നടപടികൾ പൂർണമായി ഡിജിറ്റലായിരിക്കും. ഇന്ത്യയുടെയും സൗദിയുടെയും നിർദേശങ്ങൾ ഉൾപെടുത്തി തീർഥാടനമാർഗരേഖ തയാറാക്കുമെന്നും മന്ത്രി അറിയിച്ചു.

# മഴക്കെടുതി: ജില്ലയിൽ ഏഴ് ക്യാമ്പുകളിലായി 327 പേർ

തിരുവനന്തപുരം ജില്ലയിൽ മഴക്കെടുതിയെ തുടർന്ന് ഏഴ് ദുരിതാശ്വാസ ക്യാമ്പുകളിലായി നിലവിൽ കഴിയുന്നത് 327 പേർ. 110 കുടുംബങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത കനത്തമഴയെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയത്. തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലായി ഓരോ ക്യാമ്പുകളും കാട്ടാക്കട താലൂക്കിൽ രണ്ടും നെടുമങ്ങാട് താലൂക്കിൽ മൂന്ന് ക്യാമ്പുകളും നിലവിൽ പ്രവർത്തിക്കുന്നു.

തിരുവനന്തപുരം താലൂക്കിലെ ഏക ക്യാമ്പായ കല്ലിയൂർ എം.എൻ.എൽ.പി.എസിൽ 17 കുടുംബങ്ങളിൽ നിന്നായി 23 പുരുഷന്മാരും 25 സ്തീകളും ഉൾപ്പെടെ 48 പേർ കഴിയുന്നു. നെയ്യാറ്റിൻകര താലൂക്കിൽ ചെങ്കൽ സായ് കൃഷ്ണ സ്കൂളിലെ ക്യാമ്പിൽ 8 കുടുംബങ്ങളെയാണ് പാർപ്പിച്ചിരിക്കുന്നത്. നാല് പുരുഷന്മാരും ഒൻപത് സ്ത്രീകളും രണ്ട് കുട്ടികളും ഉൾപ്പെടെ 15 പേർ ഇവിടെയുണ്ട്.

നെടുമങ്ങാട് താലൂക്കിൽ ആനാട്, തെന്നൂർ, ആര്യനാട്, വിതുര വില്ലേജുകളിൽ നിന്നുള്ളവർക്കായി മൂന്ന് ക്യാമ്പുകൾ പ്രവർത്തിക്കുന്നു. ആനാട് വാഞ്ചുവം അങ്കണവാടിയിൽ ഒരു പുരുഷനും രണ്ട് സ്ത്രീകളും ഒരു കുട്ടിയും ഉൾപ്പെടെ ഒരു കുടുംബത്തിലെ നാല് പേരും തെന്നൂർ വില്ലേജിലെ വിതുര ഗവൺമെന്റ് വി.എച്ച്.എസ്.എസിൽ 10 കുടുംബങ്ങളിലെ ഏഴ് പുരുഷന്മാരും 12 സ്ത്രീകളും ഒൻപത് കുട്ടികളും ഉൾപ്പെടെ 28 പേരും കഴിയുന്നു. ആര്യനാട്, വിതുര വില്ലേജുകളിലെ ദുരിതബാധിതർക്കായി മീനാങ്കൽ ട്രൈബൽ ഹൈസ്ക്കൂളിൽ തുറന്ന ക്യാമ്പിൽ 21 കുടുംബങ്ങളിലെ 19 പുരുഷന്മാരും 32 സ്ത്രീകളും 21 കുട്ടികളും ഉൾപ്പെടെ 72 പേരുണ്ട്.

ജില്ലയിൽ നിലവിൽ ഏറ്റവും കൂടുതൽ ആളുകളെ പാർപ്പിച്ചിരിക്കുന്നത് കാട്ടാക്കട താലൂക്കിലെ ഓക്സിലിയം ഹൈസ്ക്കൂളിലുള്ള ക്യാമ്പിലാണ്. ഇവിടെ 37 കുടുംബങ്ങളിലെ 38 പുരുഷന്മാരും 51 സ്ത്രീകളും 26 കുട്ടികളും ഉൾപ്പെടെ 115 പേർ കഴിയുന്നു.

താലൂക്കിലെ രണ്ടാമത്തെ ക്യാമ്പ് പ്രവർത്തിക്കുന്ന സെന്റ് തോമസ് എച്ച്.എസ്.എസ് അമ്പൂരിയിൽ 15 പുരുഷന്മാരും 20 സ്ത്രീകളും പത്ത് കുട്ടികളും ഉൾപ്പെടെ 16 കുടുംബങ്ങളിലെ 45 പേർ കഴിയുന്നു.



വിതുര മീനാങ്കൽ ദുരിതാശ്വാസ ക്യാമ്പ് മന്ത്രി ജി ആർ അനിൽ സന്ദർശിക്കുന്നു. ജി. സ്റ്റീഫൻ എം.എൽ .എ സമീപം

# കുഞ്ഞിനെ കണ്ടെത്തണം; സെക്രട്ടറിയേറ്റ് പടിക്കൽ നിരാഹാര സമരത്തിന് അനുപമ

തിരുവനന്തപുരം: നഷ്ടപ്പെട്ട കുഞ്ഞിനെ തിരികെ ലഭിക്കാൻ അമ്മ അനുപമ നിരാഹാര സമരത്തിലേക്ക്. സെക്രട്ടറിയേറ്റ് പടിക്കൽ നിരാഹാരം കിടക്കാനാണ് തീരുമാനമെന്ന് അനുപമ വ്യക്തമാക്കി. വനിതാ കമ്മീഷൻ ആസ്ഥാനത്തിന് മുന്നിലും പ്രതിഷേധിക്കുമെന്ന് അനുപമ വ്യക്തമാക്കി. പോലീസിൽ വിശ്വാസം നഷ്ടപ്പെട്ടു. വനിതാകമ്മീഷൻ നടപടികളിലും വിശ്വാസമില്ലെന്നും അനുപമ പ്രതികരിച്ചു.

കഴിഞ്ഞ വർഷം ഒക്ടോബർ 19നാണ് അനുപമ ആൺകുഞ്ഞിന് ജന്മം നൽകിയത്. പ്രസവിച്ച് മൂന്നാം ദിവസം ബന്ധുക്കൾ വന്ന് കുഞ്ഞിനെ ബലമായി എടുത്തുകൊണ്ടുപോയി എന്നായിരുന്നു മുൻ എസ്എഫ്ഐ നേതാവ് അനുപമയുടെ പരാതി. സഹോദരിയുടെ വിവാഹം കഴിഞ്ഞ് കുട്ടിയെ തിരിച്ചേൽപിക്കാം എന്ന് അച്ഛനും അമ്മയും പറഞ്ഞിരുന്നു.



കുഞ്ഞിനെ തൻറെ ബന്ധുക്കൾ എടുത്തുകൊണ്ടുപോയെന്ന് കാണിച്ച് കഴിഞ്ഞ ഏപ്രിൽ 19ന് അനുപമ പേരൂർക്കട പോലീസിൽ പരാതി നൽകിയിരുന്നു. എന്നാൽ ആറ് മാസത്തിന് ശേഷമാണ് പോലീസ് കേസെടുത്തത്. സംഭവത്തിൽ വകുപ്പ് തല അന്വേഷണത്തിന് ആരോഗ്യമന്ത്രി വീണാ ജോർജ് ഉത്തരവിട്ടിരുന്നു.

എന്നാൽ എഴുതിക്കിട്ടിയ പരാതിയിലേ നടപടി എടുക്കാനാകൂ എന്നായിരുന്നു സിഡബ്ല്യുസി ചെയർപേഴ്സൻറെ വാദം. ഇത് മന്ത്രി തള്ളിയിരുന്നു. പോലീസ് ശിശുക്ഷേമ സമിതിയിൽ വിവരങ്ങൾ തേടിയെങ്കിലും ദത്തിൻറെ വിവരങ്ങൾ വെളിപ്പെടുത്താനാകില്ലെന്ന് സമിതി മറുപടി നൽകുകയായിരുന്നു. സംഭവത്തിൽ ബാലാവകാശ കമ്മീഷനും കേസെടുത്തു.

തൻറെ കുഞ്ഞിനെ നഷ്ടമായ സംഭവത്തിൽ സിപിഎം നേതാക്കളുടെ ഇടപെടലുണ്ടെന്നാണ് മുൻ എസ്എഫ്ഐ പ്രവർത്തകയായ അനുപമ ആരോപിക്കുന്നത്. അജിത്തുമായി പ്രണയത്തിലായത് മുതൽ വീട്ടുകാർക്ക് എതിർപ്പായിരുന്നുവെന്നും ഗർഭിണിയായപ്പോൾ മുതൽ കുട്ടിയെ നശിപ്പിക്കാൻ വീട്ടുകാർ ശ്രമിച്ചിരുന്നുവെന്നും അനുപമ വെളിപ്പെടുത്തിയിരുന്നു.

# പ്രകൃതി സുരക്ഷ ഉറപ്പാക്കിയുള്ള വികസനം ലക്ഷ്യം: മന്ത്രി പി. പ്രസാദ്

കാർഷികമേഖലയിൽ പ്രകൃതിസുരക്ഷ ഉറപ്പാക്കിയുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കാർഷിക വികസനകർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ്. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രകൃതി ദുരന്തങ്ങൾ അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ ഉത്പാദന വരുമാന വർധനവിന് പുറമെ പരിസ്ഥിതി സുരക്ഷയും ഉറപ്പുവരുത്തണം.

ജനകീയാസൂത്രണ പദ്ധതി കാൽ നൂറ്റാണ്ട് തികയ്ക്കുമ്പോൾ കാർഷിക മേഖലയിലുൾപ്പെടെ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പ്രാദേശിക തലത്തിൽ വികസനം സാധ്യമാക്കുമ്പോൾ ജനകീയ അഭിപ്രായം തേടണം. കർഷകരുടെ അഭിപ്രായങ്ങളും ഉൾപ്പെടുത്തിയായിരിക്കും പതിന്നാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുക. യുവാക്കളെയും സ്ത്രീകളെയും ഉൾപ്പെടുത്തി യൂണിറ്റുകളായി തിരിച്ച് കൃഷി വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കാർഷികരംഗത്തെ അനുഭവപാഠങ്ങളും അടിയന്തര കടമകളും വിഷയത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ജിജു പി. അലക്സ്, സംസ്ഥാന ആസൂത്രണ ബോർഡ് കൃഷി വിഭാഗം മേധാവി എസ്. എസ്. നാഗേഷ് എന്നിവർ പ്രഭാഷണം നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ അധ്യക്ഷനായി. ജില്ലാ കലക്ടർ അഫ്സാന പർവീൺ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ കെ. എസ്. ഷീബ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. പ്രസാദ്, ജില്ലാ പ്ലാനിംഗ് ഓഫീസർ പി.ജെ. ആമിന, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഉജ്ജ്വലം പദ്ധതി പത്താം ക്ലാസ് വിദ്യാർഥികൾക്കായി പഠനസഹായി

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ എസ്.എസ്.എൽ.സി. വിദ്യാർഥികൾക്കായി നടപ്പിലാക്കുന്ന ഉജ്ജ്വലം പദ്ധതിക്ക് തുടക്കമായി. വിദ്യാർത്ഥികളുടെ മാനസികസമ്മർദ്ദം കുറച്ച് പഠനസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പഠന സഹായികൾ പദ്ധതിയുടെ ഭാഗമായി നൽകുകയാണ്. കൊല്ലം ഡയറ്റിലെ വിദഗ്ധരായ അധ്യാപകരുടെ സഹകരണത്തോടെ പുസ്തകങ്ങൾ തയ്യാറാക്കി ലഭ്യമാക്കി.

പാഠഭാഗങ്ങൾ സംബന്ധിച്ച ചോദ്യമാതൃകകളും ഉത്തരങ്ങളും ആണ് പഠനസഹായിയിൽ ഉള്ളത്. മലയാളം, ഇംഗ്ലീഷ് മീഡിയങ്ങളിൽ തയ്യാറാക്കിയിട്ടുണ്ട്.

86 സർക്കാർ ഹൈസ്കൂളുകളിലും 127 എയ്ഡഡ് ഹൈസ്കൂളുകളിലും ഇവ ലഭ്യമാക്കും. അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് ആണ് വിതരണം. 'സോഫ്റ്റ് കോപ്പി' സ്കൂളുകളിലേക്ക് മെയിൽ ചെയ്തിട്ടുണ്ട്. ഒമ്പത് ലക്ഷം രൂപയാണ് പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിനിയോഗിച്ചത്.

പഠന സഹായികളുടെ പ്രകാശനവും വിതരണോദ്ഘാടനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ നിർവഹിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നോട്ട്ബുക്കുകൾ നൽകുന്ന പദ്ധതിയും ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കുമെന്ന് പറഞ്ഞു.

ജയൻ സ്മാരക ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമലാൽ അധ്യക്ഷയായി. വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ഡോ. പി. കെ. ഗോപൻ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ ജെ. നജീബത്ത്, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ സി. പി. സുധീഷ് കുമാർ, ഗേളി ഷണ്മുഖൻ, അനന്തു പിള്ള, പ്രിജി ശശിധരൻ, ജില്ലാ പഞ്ചായത്ത് അംഗം ജയന്തി, സെക്രട്ടറി കെ. പ്രസാദ്, വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ, ഡയറ്റ് പ്രിൻസിപ്പൽ ഡോ. എസ്. ഷീജ, വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

# ക്യാമ്പുകളിൽ എല്ലാം ദിവസവും മെഡിക്കൽ സംഘം സന്ദർശിക്കും: ആരോഗ്യമന്ത്രി

തിരുവനന്തപുരം: ദുരിതാശ്വാസ ക്യാമ്പുകളിൽ എല്ലാ ദിവസവും മെഡിക്കൽ സംഘം സന്ദർശിക്കണമെന്ന് ഉന്നതതല യോഗത്തിൽ നിർദേശം നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. അതത് തദ്ദേശ സ്ഥാപന പ്രദേശത്തുള്ള ആശുപത്രിയിലെ മെഡിക്കൽ സംഘമായിരിക്കും ക്യാമ്പുകൾ സന്ദർശിക്കുക. ഇടയ്ക്കിടയ്ക്ക് മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നതാണ്.

പ്രശ്നബാധിത മേഖലകളായ ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പ്രവർത്തനങ്ങൾ യോഗത്തിൽ പ്രത്യേകം ചർച്ച ചെയ്തു. ഇവിടെ അടിസ്ഥാന സൗകര്യങ്ങളും ചികിത്സയും ഉറപ്പ് വരുത്തിയിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ ഈ ജില്ലകളിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് ഡിഎംഒമാർക്ക് നിർദേശം നൽകി. ആരോഗ്യ വകുപ്പിൻറെ ഉന്നതതല യോഗത്തിലാണ് ഇതുസംബന്ധിച്ച് നിർദേശം നൽകിയത്.

രോഗലക്ഷണങ്ങളുള്ളവരെ പ്രത്യേകം പാർപ്പിക്കണം. കോവിഡ് പോസിറ്റീവായവരെ ഡിസിസികളിലേക്കോ സിഎഫ്എൽടിസികളിലേക്കോ മാറ്റണം. പോസിറ്റീവായവരുടെ കുടുംബാംഗങ്ങളെ പ്രത്യേകമായി നിരീക്ഷിക്കണം. ക്യാമ്പുകളിൽ കഴിയുന്നവരുടെ മാനസികാരോഗ്യം നിലനിർത്താൻ മാനസിക രോഗ വിദഗ്ധരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരും ക്യാമ്പിലുള്ളവരും ഉൾപ്പെടെ മലിനജലവുമായി ബന്ധപ്പെടാൻ സാധ്യതയുള്ള എല്ലാവർക്കും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ നൽകേണ്ടതാണെന്നും നിർദേശം നൽകി.

ക്യാമ്പുകളിലുള്ള എല്ലാവർക്കും കോവിഡ് വാക്സിനേഷൻ ഉറപ്പാക്കാണം. ഇതിനായി പ്രത്യേക പദ്ധതി തയാറാക്കിയിട്ടുണ്ട്.

ക്യാമ്പുകളിൽ കഴിയുന്നവരിൽ ആദ്യ ഡോസ് വാക്സിൻ എടുക്കാനുള്ളവരുടേയും രണ്ടാം ഡോസ് വാക്സിൻ എടുക്കാൻ കാലാവധിയെത്തിവരുടേയും വിവരങ്ങൾ ശേഖരിച്ചു വരുന്നു. അതനുസരിച്ച് അവരുടെ വാക്സിനേഷൻ ഉറപ്പ് വരുത്തുന്നതാണ്.

വാക്സിൻ എടുക്കാത്ത ആരും തന്നെ ക്യാമ്പുകൾ സന്ദർശിക്കരുത്.

മഴ തുടരുന്നതിനാൽ മറ്റ് പകർച്ചവ്യാധികൾക്കും സാധ്യതയുണ്ട്. പകർച്ചവ്യാധിയുണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രത പാലിക്കേണ്ടതാണ്. ക്യാമ്പുകളുടെ പരിസരം കൊതുക് വളരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയതോ ക്ലോറിനേറ്റ് ചെയ്തതോ ആയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ. അവബോധം ശക്തിപ്പെടുത്തും.

ക്യാമ്പുകളിൽ നിന്നും വീടുകളിലേക്ക് മടങ്ങുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വീടും പരിസരവും ശുചിയാക്കണം. കിണർ ക്ലോറിനേറ്റ് ചെയ്തതിന് ശേഷം മാത്രമേ വെള്ളം ഉപയോഗിക്കാൻ പാടുള്ളൂ. പാമ്പ് കടിയേൽക്കാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തണമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

# ജാഗ്രതാ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തും ജില്ലാ കലക്ടർ

സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കി വ്യാപന നിയന്ത്രണം ഉറപ്പാക്കുമെന്ന് ഓൺലൈനായി ചേർന്ന അവലോകന യോഗത്തിൽ അറിയിച്ചു.

തദ്ദേശ ഭരണസ്ഥാപന പ്രതിനിധികളുടെ നേതൃത്വത്തിൽ തയ്യാറെടുപ്പുകൾ നടത്തണം. ക്വാറന്റൈൻ ലംഘനങ്ങൾക്കെതിരെ കർശന നടപടി ഉണ്ടാകും. അവധി ദിവസങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തും.

അധ്യാപകരുടെ വാക്സിനേഷൻ പൂർത്തിയായി വരുന്നു. സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയും വേഗത്തിൽ നടത്തും.

സ്കൂൾ യാത്രക്കായി രക്ഷകർത്താക്കൾ ഏർപ്പെടുത്തുന്ന ഓട്ടോറിക്ഷ, വാൻ തുടങ്ങിയവയുടെ ഫിറ്റ്നസനും സർട്ടിഫിക്കറ്റ് പരിഗണനയിലാണ് എന്നും കലക്ടർ വ്യക്തമാക്കി. ജില്ലയിലെ കോവിഡ് ചികിത്സാ കേന്ദ്രങ്ങളിലെ നിലവിലുള്ള രോഗികളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിലയിരുത്തി. സിറ്റി പൊലിസ് കമ്മിഷണർ ടി. നാരായണൻ, സബ്കലക്ടർ ചേതൻ കുമാർ മീണ, എ. ഡി. എം എൻ. സാജിതാ ബീഗം, അഡിഷണൽ റൂറൽ എസ്. പി കെ. ബി. രവി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീലത, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആർ. സന്ധ്യ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ക്ഷീരസംഘങ്ങൾക്ക് സഹായം


ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായത്തിന് അപേക്ഷിക്കാം. 250 ലിറ്ററിൽ താഴെ പ്രതിദിന സംഭരണം ഉള്ളവയ്ക്കാണ് അർഹത. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ക്ഷീരവികസന യൂണിറ്റുകളിൽ നിശ്ചിത ഫോമുകളിലാണ് അപേക്ഷിക്കേണ്ടത്. ഫോൺ 0471 2445799.

## ക്രെഡിറ്റ് ഔട്ട്റീച്ച് പ്രോഗ്രാം

ബാങ്കിംഗ് ക്രെഡിറ്റ് ഔട്ട്റീച്ച് പ്രോഗ്രാം ഒക്ടോബർ 28ന് രാവിലെ 9.30 ന് സി. എസ്. ഐ കൺവൻഷൻ സെന്റ്റിൽ നടത്തുമെന്ന് ലീഡ് ബാങ്ക് മാനേജർ അറിയിച്ചു.

# ഇന്ന് 9361 പേർക്ക് കോവിഡ്; 99 മരണം; ടിപിആർ 11.64

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 9361 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1552, തിരുവനന്തപുരം 1214, കൊല്ലം 1013, തൃശൂർ 910, കോട്ടയം 731, കോഴിക്കോട് 712, ഇടുക്കി 537, മലപ്പുറം 517, പത്തനംതിട്ട 500, കണ്ണൂർ 467, ആലപ്പുഴ 390, പാലക്കാട് 337, വയനാട് 310, കാസർഗോഡ് 171 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.



കഴിഞ്ഞ 24 മണിക്കൂറിനിടെ 80,393 സാമ്പിളുകളാണ് പരിശോധിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ഡബ്ല്യുഐപിആർ) പത്തിന് മുകളിലുള്ള 158 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 211 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,81,286 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,72,412 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 8874 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 825 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 80,892 കോവിഡ് കേസുകളിൽ, 9.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 99 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മതിയായ രേഖകളില്ലാത്തത് കാരണം സ്ഥിരീകരിക്കാതിരുന്ന കഴിഞ്ഞ ജൂൺ 14 വരെയുള്ള 292 മരണങ്ങളും, സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 172 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതോടെ സംസ്ഥാനത്തെ ആകെ മരണം 27,765 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 39 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

9012 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 254 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 56 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 9401 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1309, കൊല്ലം 532, പത്തനംതിട്ട 183, ആലപ്പുഴ 401, കോട്ടയം 491, ഇടുക്കി 626, എറണാകുളം 1891, തൃശൂർ 1121, പാലക്കാട് 437, മലപ്പുറം 556, കോഴിക്കോട് 1004, വയനാട് 141, കണ്ണൂർ 519, കാസർഗോഡ് 190 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ പേരാണ് രോഗം സ്ഥിരീകരിച്ച് 80,892 ഇനി ചികിത്സയിലുള്ളത്. 47,88,629 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# വനിതകളുടെ നിയമപോരാട്ടം ഫലം കണ്ടു; 39 പേർക്ക് കരസേനയിൽ സ്ഥിരം നിയമനം

ന്യൂഡൽഹി: രാജ്യത്തിൻറെ തന്നെ ശ്രദ്ധ ആകർഷിച്ച നിയമ യുദ്ധത്തിനൊടുവിൽ 39 വനിത കരസേന ഉദ്യോഗസ്ഥർക്ക് കേന്ദ്രം സ്ഥിരം നിയമനം (പെർമനൻറ് കമ്മീഷൻ) അനുവദിച്ചു. സുപ്രീംകോടതി നിർദേശത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി.

വിരമിക്കുന്ന കാലാവധി വരെ കരസേനയിൽ തുടരുന്നതിനെയാണ് പെർമനൻറ് കമ്മീഷൻ എന്നു പറയുന്നത്. പത്തു വർഷത്തേക്കായിരുന്നു ഷോർട്ട് സർവീസ് കമ്മീഷൻ. പത്തു വർഷത്തിന് ശേഷം ഒരു ഓഫീസർക്ക് പെർമനൻറ് കമ്മീഷൻ ലഭിച്ചില്ലെങ്കിൽ നാലു വർഷത്തേക്കു കൂടി സേവന കാലാവധി നീട്ടി നൽകുന്ന പതിവാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇത്തരത്തിൽ പെർമനൻറ് കമ്മീഷൻ നിഷേധിക്കപ്പെട്ട 71 വനിത ഉദ്യോഗസ്ഥരാണ് സുപ്രീം കോടതിയെ സമീപിച്ചത്.

കോടതി കയറിയ 71 പേരിൽ 39 പേർ പെർമനൻറ് കമ്മീഷന് യോഗ്യരാണെന്നാണ് കേന്ദ്രം സുപ്രീംകോടതിയിൽ വ്യക്തമാക്കിയത്. ഏഴ് പേർക്ക് ശാരീരിക ക്ഷമതയില്ല. 25 പേർക്കെതിരേ അച്ചടക്ക നടപടികളുണ്ടെന്നും കേന്ദ്രം വ്യക്തമാക്കി. ഈ 25 പേർക്ക് എന്ത് കൊണ്ട് പെർമനൻറ് കമ്മീഷൻ നൽകുന്നില്ല എന്നത് വ്യക്തമാക്കി വിശദമായ റിപ്പോർട്ട് നൽകാൻ സുപ്രീംകോടതി കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

കരസേനയുടെ പോരാട്ട യൂണിറ്റുകൾ ഒഴികെയുള്ള തസ്തികകളിലാണ് ഇപ്പോൾ വനിതകൾക്ക് പെർമനൻറ് കമ്മീഷൻ നൽകിയിരിക്കുന്നത്. സ്ഥിര നിയമനമാകുന്നതോടെ, പുരുഷൻമാർക്കു തുല്യമായ സേവന കാലയളവും റാങ്കുകളും വനിതകൾക്കും ലഭിക്കും. കേണൽ റാങ്ക് മുതലുള്ള കമാൻഡ് പദവികളിലും വനിതകളെത്തും.

സ്ഥിര നിയമനം ലഭിക്കുന്ന വനിതാ ഉദ്യോഗസ്ഥരുടെ വിരമിക്കൽ പ്രായം പുരുഷൻമാരുടേതു പോലെ സേനാ റാങ്കുകൾക്ക് അനുസരിച്ചായിരിക്കും. ജനറൽ റാങ്കുള്ള സേനാ മേധാവിയുടെ വിരമിക്കൽ പ്രായം 62 ആണ്. അതിനു താഴെയുള്ള ലഫ്. ജനറൽ ഉദ്യോഗസ്ഥരുടേത് 60 വയസും ആണ്. ഇതോടെ ആർമി എയർ ഡിഫൻസ്, സിഗ്നൽസ്, എൻജിനീയറിംഗ്, ആർമി ഏവിയേഷൻ, ഇലക്ട്രോണിക്സ് മെക്കാനിക്കൽ എൻജിനീയറിംഗ്, ആർമി സർവീസ് കോർ, ആർമി ഓർഡ്നൻസ് കോർ, ഇന്റലിജൻസ് കോർ, അഡ്വക്കറ്റ് ജനറൽ, ആർമി എജ്യുക്കേഷനൽ കോർ എന്നീ യൂണിറ്റുകളിൽ വനിതകൾക്ക് സ്ഥിരം നിയമനം ലഭിക്കും.

# ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഓപ്ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40 ശതമാനം മാർക്കോടെ പ്ലസ്ടു പരീക്ഷ പാസായിരിക്കണം.

പ്ലസ്ടുവിന് ശേഷം ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും എ.എൻ.എം കോഴ്സ് പാസായവർക്കും അപേക്ഷിക്കാം. അപേക്ഷ നവംബർ 5 നകം ലഭിക്കണം.

അപേക്ഷകർ ഡിസംബർ 31 ന് 17 വയസ്സ് പൂർത്തിയാകുന്നവരും 35 വയസ്സ്കഴിയാത്തവരും ആയിരിക്കണം. എ.എൻ.എം കോഴ്സ് പാസായവർക്ക് പ്രായപരിധി ബാധകമല്ല. കൂടുതൽ വിവരങ്ങൾക്ക്: www.dm-e.k-er-a-l-a.gov.in, 0471 2528575.



മുന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിംഗ് ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ

# ഇനി ആ കാലിൽ തൊട്ടു വേദനിപ്പിക്കില്ല: സുധ ചന്ദ്രനോട് മാപ്പ് പറഞ്ഞ് സിഐഎസ്എഫ്

ന്യൂഡൽഹി: അറ്റുപോയ ജീവിതം ഒരു കൃത്രിമ കാലിൻറെ ചുവടുകളിലൂടെ തിരികെ പിടിച്ചു വിജയിച്ച നർത്തകി സുധ ചന്ദ്രനോട് പറ്റിയ പിഴവിൽ മാപ്പ് പറഞ്ഞ് സിഐഎസ്എഫ്. വിമാനത്താവളങ്ങളിൽ തൻറെ കൃത്രിമ കാൽ ഊരിമാറ്റി പരിശോധിക്കുന്നത് വേദനിപ്പിക്കുന്നു എന്ന പ്രശസ്ത നർത്തകി സുധ ചന്ദ്രൻറെ പരാതിയിലാണ് സിഐഎസ്എഫ് മാപ്പ് പറഞ്ഞത്. സുരക്ഷാ ഉദ്യോഗസ്ഥർ ഓരോ തവണയും തൻറെ കൃത്രിമ കാൽ ഊരി മാറ്റി പരിശോധിക്കുന്നത് മൂലം വളരെ വേദന അനുഭവിക്കേണ്ടി വരുന്നു എന്നു ചൂണ്ടിക്കാട്ടിയാണ് സുധ ചന്ദ്രൻ പരാതി ഉന്നയിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും കേന്ദ്ര സർക്കാരിൻറെയും ശ്രദ്ധ ക്ഷണിച്ചായിരുന്നു ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവ് കൂടിയായ സുധയുടെ പരാതി.

വിമാന യാത്രകൾക്കിടെ താൻ നേരിടേണ്ടി വരുന്ന ദുരിതം ചൂണ്ടിക്കാട്ടി സുധ ചന്ദ്രൻ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്ത വീഡിയോയിൽ പതിനായിരക്കണക്കിന് ആളുകളാണ് പ്രതികരണം അറിയിച്ചത്. അതോടെയാണ് വിമാനത്താവളങ്ങളിൽ സുരക്ഷ ചുമതലയുള്ള സിഐഎസ്എഫ് മാപ്പ് അപേക്ഷിച്ച് രംഗത്തെത്തിയത്. 'സുധ ചന്ദ്രനോട് ഞങ്ങൾ മാപ്പ് പറയുന്നു. എന്ത് കൊണ്ടാണ് വനിത ഉദ്യോഗസ്ഥർ അവരുടെ കൃത്രിമക്കാൽ അഴിച്ചു പരിശോധിക്കണം എന്ന് ആവശ്യപ്പെട്ടത് എന്ന കാര്യം പരിശോധിക്കും. യാത്രക്കാർക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതല്ല. സുധയ്ക്ക് മേലിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകില്ല' സിഐഎസ്എഫ് വ്യക്തമാക്കി.

പ്രധാനമന്ത്രിയോടും കേന്ദ്ര സർക്കാരിനോടും ഉള്ള അപേക്ഷ എന്നു വ്യക്തമാക്കിയാണ് സുധ തൻറെ ദുരിതം വിവരിച്ചത്. താൻ കൃത്രിമ കാൽ വെച്ച് നൃത്തം ചെയ്ത് ചരിത്രം രചിക്കുകയും രാജ്യത്തിൻറെ അഭിമാനമാകുകയും ചെയ്ത വ്യക്തിയാണ്. ഓരോ തവണയും വിവമാന യാത്രകൾ നടത്തുമ്പോൾ എയർപോർട്ടുകളിൽ കൃത്രിമ കാൽ അഴിച്ചു മാറ്റി പരിശോധനയ്ക്ക് വിധേയയാകേണ്ടി വരുന്നു. ഡിറ്റക്ടർ ഉപയോഗിച്ച് കൃത്രിമ കാൽ പരിശോധിച്ചൂകൂടെ എന്നു ചോദിച്ചിട്ടും ഉദ്യോഗസ്ഥർ ഇത് അഴിച്ചുവെപ്പിക്കുകയാണ് പതിവ്. ഇത് മനുഷ്യത്വ പരമാണോ, ഇതേക്കുറിച്ചാണോ രാജ്യം ഇപ്പോൾ സംസാരിച്ചു കൊണ്ടിരിക്കുന്നത്. ഇതാണോ നമ്മുടെ സമൂഹത്തിൽ ഒരു സ്ത്രീ മറ്റൊരു സ്ത്രീക്കു നൽകുന്ന ബഹുമാനം എന്നും സുധ പ്രധാനമന്ത്രി ഉൾപ്പടെ ഉള്ളവരോട് ചോദിച്ചു. അതിൻറെ അനന്തര ഫലമായിരുന്നു സിഐഎസ്എഫ് നടത്തിയ മാപ്പ് അപേക്ഷ. തന്നെ പോലെയുള്ള മുതിർന്ന പൗരൻമാർക്ക് പ്രത്യേക തിരിച്ചറിയിൽ കാർഡ് നൽകണമെന്നും അവർ പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. വർഷങ്ങൾക്ക് മുൻപാണ് മദ്രാസിൽ നിന്ന് നൃത്ത പരിപാടിക്ക് ശേഷം രക്ഷിതാക്കളോടൊപ്പം വീട്ടിലേക്ക് മടങ്ങുന്നതിനിടെ തിരുച്ചിറപ്പളിയിൽ വച്ചുണ്ടായ അപകടത്തി സുധയുടെ കാൽ നഷ്ടപ്പെടുന്നത്. ഏറെ നാളത്തെ വിശ്രമത്തിന് ശേഷം കൃത്രിമ കാലുമായി സുധനൃത്തരംഗത്തും അഭിനയരംഗത്തും തിരിച്ചെത്തി. ഒട്ടനവധി ടെലിവിഷൻ പരിപാടികളിൽ ഷോകളിൽ പങ്കെടുക്കുന്നുണ്ട് സുധ. തൻറെ സ്വന്തം ജീവിതത്തെ അടിസ്ഥാനമാക്കി എടുത്ത മയൂരി എന്ന തെലുങ്ക് ചിത്രത്തിലെ അഭിനയത്തിനാണ് ദേശീയ അവാർഡ് ലഭിച്ചത്.

# എൽഡിഎഫ് ആലുവ കൺവീനർ കെ.എം. കുഞ്ഞുമോൻ എൻസിപി വിട്ടു; കോൺഗ്രസിലേക്ക്

കൊച്ചി: എൽഡിഎഫ് ആലുവ നിയോജക മണ്ഡലം കൺവീനറും എൻസിപി സംസ്ഥാന നിർവാഹക സമിതിയംഗവുമായ കെ.എം. കുഞ്ഞുമോൻ എൻസിപിയിൽനിന്നു രാജി വച്ചു. സംസ്ഥാന പ്രസിഡൻറ് പി.സി. ചാക്കോയുടെ ഏകപക്ഷീയമായ നടപടിയിൽ പ്രതിഷേധിച്ചാണ് പാർട്ടി വിടുന്നതെന്നും തുടർന്ന് കോൺഗ്രസിൽ ചേർന്ന് പ്രവർത്തിക്കുമെന്നും കെ.എം. കുഞ്ഞുമോൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാന പ്രസിഡൻറായി ചുതലയേറ്റതു മുതൽ പാർട്ടിയിൽ ഇഷ്ടക്കാരെ തിരുകി കയറ്റുകയാണ് പി.സി. ചാക്കോ. വർഷങ്ങളായി പാർട്ടിയിൽ പ്രവർത്തിക്കുന്നവരെ തഴഞ്ഞുകൊണ്ടു ഇത്തരം പ്രവണത അംഗീകരിക്കാൻ കഴിയില്ല. പാർട്ടിയിൽ മതേതരത്വം നഷ്ടപ്പെട്ടിരിക്കുന്നു. അത് നേതൃത്വത്തിലെത്തിയിരിക്കുന്നവരെ നോക്കിയാൽ മനസിലാകും.

മുൻ പ്രസിഡൻറ് അച്ചടക്ക നടപടിക്ക് പുറത്താക്കിയ ഒരാളെ ചുമതലയേറ്റ് 15 ദിവസത്തിനകം ചാക്കോ പാർട്ടിയിൽ തിരിച്ചെടുത്തു. ഇത്തരത്തിലുള്ള ഏകാധിപത്യ പ്രവണതകൾ പ്രതിഷേധാർഹമാണ്. മെമ്പർഷിപ്പ് പോലും ഇല്ലാതെ പാർട്ടിയുടെ തലപ്പത്തെത്തിയ ചാക്കോയെ അംഗീകരിച്ച തങ്ങളെ തഴയുക മാത്രമാണ് പി.സി. ചാക്കോ ചെയ്തതെന്നും കുഞ്ഞുമോൻ പറഞ്ഞു.

പ്രവർത്തകരടക്കം ആയിരത്തോളം പേരാണ് പാർട്ടി വിട്ട് കോൺഗ്രസിൽ ചേരുന്നത്. നാളെ എറണാകുളം ടൗൺ ഹാളിൽ കെപിസിസി പ്രസിഡൻറ് കെ. സുധാകരൻറെ സാന്നിധ്യത്തിൽ നടക്കുന്ന ചടങ്ങിൽ കോൺഗ്രസിൽ ചേരുമെന്നും അദ്ദേഹം പറഞ്ഞു.

# അനിതയുടെ മൊഴി

മോൻസൻ മാവുങ്കലിൻറെ മുൻ സുഹൃത്തും വേൾഡ് മലയാളി ഫെഡറേഷൻ അംഗവുമായ അനിതാ പുല്ലയിലിയിൽനിന്നു ക്രൈം ബ്രാഞ്ച് അന്വേഷണസംഘം മൊഴി രേഖപ്പെടുത്തിയിരുന്നു.

വിദേശത്തുള്ള അനിതയിൽനിന്നു വീഡിയോ കോൾ വഴിയാണ് വിവരങ്ങൾ തേടിയത്. മോൻസൻറെ സാമ്പത്തിക തട്ടിപ്പിൽ പങ്കില്ലെന്നാണ് അനിത നൽകിയ മൊഴി. താൻ പറഞ്ഞതനുസരിച്ചാണ് മുൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ മോൻസൻറെ വീട്ടിലെത്തിയതെന്നും അനിത മൊഴി നൽകിയിട്ടുണ്ട്.

അനിതയ്ക്കു തട്ടിപ്പിനെക്കുറിച്ച് അറിയാമായിരുന്നുവെന്നു മോൻസൻറെ മുൻ ഡ്രൈവർ അജി ഉൾപ്പെടെയുള്ളവർ നേരത്തെ മൊഴി നൽകിയിരുന്നു.

മോൻസനുമായുള്ള ബന്ധം, അയാളുമായുള്ള സാമ്പത്തിക ഇടപാടുകൾ, ഉന്നതരെ പരിചയപ്പെടുത്തിയതിലുള്ള പങ്ക് തുടങ്ങിയ കാര്യങ്ങളാണ് ക്രൈംബ്രാഞ്ച് അനിതയോടു ചോദിച്ചറിഞ്ഞത്. പ്രവാസി സംഘടനാ ഭാരവാഹിയെന്ന നിലയിലാണ് മോൻസനുമായി പരിചയപ്പെട്ടതെന്നും തട്ടിപ്പുകാരനാണെന്നു വൈകിയാണ് അറിഞ്ഞതെന്നും അനിത പറഞ്ഞു.

മോൻസനുമായി നല്ല ബന്ധമായിരുന്നു ആദ്യം ഉണ്ടായിരുന്നത്. നാട്ടിലെത്തുന്ന സമയങ്ങളിൽ പ്രവാസികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആശയ വിനിമയം നടത്തിയിരുന്നു. പിന്നീടു ചില കാരണങ്ങളാൽ മോൻസുമായി തെറ്റി. സൗഹൃദം അവസാനിപ്പിച്ച ശേഷമാണ് മോൻസൻ തട്ടിപ്പുകാരനാണെന്ന് അറിഞ്ഞതെന്നും അനിത ക്രൈം ബ്രാഞ്ചിനോടു പറഞ്ഞു

പ്രത്യേക അന്വേഷണസംഘം വരും ദിവസങ്ങളിൽ അനിതയുടെ മൊഴി വിശദമായി പരിശോധിക്കും. ആവശ്യമെങ്കിൽ വീണ്ടും മൊഴിയെടുക്കും. വീണ്ടും മൊഴി നൽകേണ്ട സാഹചര്യമുണ്ടായാൽ നേരിട്ട് ഹാജരാകാമെന്ന് അനിത അറിയിച്ചതായാണ് സൂചന.

# എഐഎസ്എഫ് ഇരവാദം സൃഷ്ടിച്ച് സഹതാപം പിടിച്ചുപറ്റാൻ ശ്രമിക്കുന്നു: എസ്എഫ്ഐ

തിരുവനന്തപുരം: ഇരവാദം സൃഷ്ടിച്ച് സഹതാപം പിടിച്ചുപറ്റാനാണ് എഐഎസ്എഫ് ശ്രമിക്കുന്നതെന്ന് എസ്എഫ്ഐ. എഐഎസ്എഫിൻറെ വ്യാജ പ്രചരണങ്ങളെ വിദ്യാർഥികൾ തള്ളികളയണമെന്ന് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി കെ.എം സച്ചിൻ ദേവ്, പ്രസിഡൻ് വി.എ വീനിഷ് എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

കള്ളവോട്ടു ചെയ്യാൻ ശ്രമിച്ചത് എസ്എഫ്ഐ പ്രവർത്തകർ തടഞ്ഞതാണ് തെരഞ്ഞെടുപ്പു ദിവസം എംജി സർവകലാശാല കാമ്പസിൽ ഉണ്ടായ സംഘർഷങ്ങൾക്ക് കാരണം. സർവകലാശാല സെനറ്റ്സ്റ്റുഡൻറ് കൗൺസിൽ തെരഞ്ഞെടുപ്പിൽ കെഎസ്‌യുഎഐഎസ്എഫ്എംഎസ്എഫ് സഖ്യമാണ് മത്സരിച്ചത്.

സ്റ്റുഡൻറ് കൗൺസിൽ സീറ്റുകളിൽ ഒരു സ്ഥാനാർഥിയെ പോലും നിർത്താതിരുന്നത് ഇതിൻറെ ഭാഗമായിരുന്നെന്നും എസ്എഫ്ഐ ആരോപിച്ചു.

# വിവരശേഖരണം തുടരുന്നു

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് ഗവേഷണം, വിശകലനം നടത്തുന്നതിനായുള്ള വിവരശേഖരണം നടത്തുന്നു. സാമ്പിൾ സർവ്വേ നടപടികൾ തുടരുകയാണെന്ന് കമ്മീഷൻ ചെയർമാൻ റിട്ട. ജസ്റ്റിസ് എം.ആർ.ഹരിഹരൻ നായർ അറിയിച്ചു. സംസ്ഥാനത്തെ 20,000 തദ്ദേശ സ്വയംഭരണ വാർഡുകളിലെയും ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ചു വീതം കുടുംബങ്ങളിൽ നിന്നും മൊബൈൽ ആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്തുന്ന രീതിയാണ് പിന്തുടരുന്നത് എന്ന് ആശ്രാമം അതിഥി മന്ദിരത്തിൽ നടത്തിയ യോഗ ശേഷം വ്യക്തമാക്കി. വിവിധ സംഘടനകളുടെ 28 പ്രതിനിധികൾ പങ്കെടുത്തു.

അംഗങ്ങളായ അഡ്വ. എം. മനോഹരൻപിള്ള, എ. ജി. ഉണ്ണികൃഷ്ണൻ, മെമ്പർ സെക്രട്ടറി ജ്യോതി കെ., രജിസ്ട്രാർ കെ.പി.പുരുഷോത്തമൻ തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിൽ ആദ്യ ഡോസ് വാക്സിനേഷൻ 94.2 ശതമാനം

തിരുവനന്തപുരം: സംസ്ഥാനത്ത് വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 94.2 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,51,70,193), 47.4 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,26,74,831) നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (10,60,101).

പുതിയ റിപ്പോർട്ട് പ്രകാരം, 9361 പുതിയ രോഗികളിൽ 7769 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 2199 പേർ ഒരു ഡോസ് വാക്സിനും 3019 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 2551 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ഒക്ടോബർ 15 മുതൽ 21 വരെയുള്ള കാലയളവിൽ, ശരാശരി 85,845 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 2 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.5 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്.

ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 7,670 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 12 ശതമാനവും കുറവ് ഉണ്ടായിട്ടുണ്ട്.

നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 18 ശതമാനം, 15 ശതമാനം, 34 ശതമാനം, 13 ശതമാനം, 12 ശതമാനം, 19 ശതമാനം കുറഞ്ഞു.

# സീറ്റൊഴിവ്

ഐ. എച്ച്. ആർ. ഡിയുടെ കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളജിൽ ബി.ടെക് എൻ. ആർ. ഐ ക്വാട്ടയിൽ ഇലക്ട്രിക്കൽ ആൻ്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻ്റ് കമ്മ്യൂണിക്കേഷൻ വിഭാഗങ്ങളിൽ ഒഴിവുണ്ട്. പ്രവേശനത്തിനായി ഒക്ടോബർ 25ന് രാവിലെ 10.30ന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കോളജിൽ എത്തണം. ഫോൺ 9400423081, 9447594171, 9495630466. വെബ്സൈറ്റ് www.c-e-knpy.a-c.in

# സിൽവർ ലൈനിനുള്ള അന്തിമഅനുമതി വേഗത്തിലാക്കണം; കേന്ദ്രത്തോട് മുഖ്യമന്ത്രി

ന്യൂഡൽഹി: സെമി ഹൈ സ്പീഡ് റെയിൽ ലൈൻ പ്രോജക്ടായ സിൽവർ ലൈനിനുള്ള അന്തിമ അനുമതി വേഗത്തിലാക്കണമെന്ന് കേന്ദ്രസർക്കാരിനോട് മുഖ്യമന്ത്രി പിണറായി വിജയൻ. ഇക്കാര്യം ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവിനെ കണ്ടു.

അന്താരാഷ്ട്ര ഏജൻസികൾ മുഖേന എടുക്കുന്ന ലോണുകളുടെ കടബാധ്യത ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച നടത്തി. 33,700 കോടി രൂപ കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പു മുഖാന്തിരം ജിഐസിഎ, എഡിബി, എഐഐ ബി, കെഎഫ്ഡബ്ല്യൂ എന്നീ ഏജൻസികളിൽ നിന്ന് ലോണായി കണ്ടെത്താനാണ് പ്രൊപ്പോസൽ. ഇത് സംസ്ഥാനത്തിന് ഏറ്റെടുക്കാനാകുമോ എന്നത് പരിശോധിക്കും.

പ്രോജക്ടിനെ കൂടുതൽ പ്രായോഗികമാക്കാനുള്ള മാർഗ്ഗങ്ങളാണ് കേന്ദ്ര റെയിൽ മന്ത്രാലയം ആലോചിക്കുന്നതെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. കടബാധ്യത റെയിൽവേയ്ക്ക് ഏറ്റെടുക്കാൻ കഴിയാത്തതിനാൽ ഇത് സംബന്ധിച്ച് വ്യക്തത വരുത്താൻ സംസ്ഥാനത്തോട് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് തുടർ ചർച്ചകൾ നടക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 63,941 കോടി രൂപയുടെ പ്രോജക്ടാണ് സിൽവർ ലൈൻ. ഇതിൽ 2150 കോടി രൂപയാണ് കേന്ദ്ര വിഹിതം. 975 കോടി മതിപ്പു വിലയുള്ള 185 ഹെക്ടർ ഭൂമിയും റെയിൽവേയുടേതാണ്. ബാക്കി തുക സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതുണ്ട്. 13,362 കോടി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി വരും. ഇത് ഹഡ്കോയും കിഫ്ബിയും സംസ്ഥാന സർക്കാരും ചേർന്ന് വഹിക്കും. ബാക്കിയുള്ള തുക റെയിൽവേ, സംസ്ഥാന സർക്കാർ, പബ്ലിക് എന്നിങ്ങനെ ഇക്വിറ്റി വഴി കണ്ടെത്തും.

പ്രോജക്ടിന് റെയിൽവേ മന്ത്രാലയം പ്രാഥമിക അംഗീകാരം നൽകുകയും അന്തിമ അനുമതിക്കായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കേരള സർക്കാർ റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കേന്ദ്ര ധനമന്ത്രാലയം ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാൻ അനുമതി നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

# അയർലൻഡിനെ കീഴടക്കി നമീബിയയും സൂപ്പർ 12ൽ; ചരിത്രനേട്ടം

ഷാർജ: അയർലൻഡിനെ എട്ടു വിക്കറ്റിന് കീഴടക്കി നമീബിയയും ഐസിസി ട്വൻറി20 ലോകകപ്പ് ക്രിക്കറ്റിൻറെ സൂപ്പർ 12ൽ ഇടംപിടിച്ചു. അയർലൻഡ് ഉയർത്തിയ 126 റൺസ് വിജയലക്ഷ്യം പിന്തുടർന്ന നമീബിയ ഒമ്പത് പന്തുകൾ ബാക്കി നിൽക്കേ വിജയത്തിലെത്തി.

ഗ്രൂപ്പ് എയിൽ നിന്ന് ശ്രീലങ്കയ്ക്കൊപ്പമാണ് നമീബിയയും സൂപ്പർ 12 യോഗ്യത നേടിയത്. ഗ്രൂപ്പിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയോട് പരാജയപ്പെട്ടശേഷമാണ് നമീബിയയുടെ തിരിച്ചുവരവ്. നെതർലൻഡ്സിനെയും അയർലൻഡിനെയും തോൽപ്പിച്ച നമീബിയ ചരിത്ര നേട്ടം കുറിച്ചു.

നിർണായക മത്സരത്തിൽ ടോസ് നേടി ബാറ്റിംഗിറങ്ങിയ അയർലൻഡിന് മികച്ച തുടക്കം ലഭിച്ചെങ്കിലും മുതലാക്കാനാവാതെ പോയി. ഐറിഷ് നിരയിൽ പോൾ സ്റ്റിർലിംഗ്(38), കെവിൻ ഒബ്രിയൻ(25), ക്യാപ്റ്റൻ ആൻഡ്രു ബാൽബിർനി(21) എന്നിവർ മാത്രമാണ് രണ്ടക്കം കണ്ടത്. നമീബിയയ്ക്ക് വേണ്ടി ജാൻ ഫ്രൈലിംഗ് മൂന്നു വിക്കറ്റ് നേടി.

മറുപടി ബാറ്റിംഗിൽ ശ്രദ്ധാപൂർവം കളിച്ച നമീബിയൻ ബാറ്റർമാർ ടീമിനെ വിജയത്തിലെത്തിച്ചു. ക്യാപ്റ്റൻ ഗെർഹാർഡ് എറാസ്മസ്(53) അർധസെഞ്ചുറിയുമായി ടീമിനെ മുന്നിൽ നിന്നു നയിച്ചു. ഡേവിഡ് വീസ്( പുറത്താകാതെ 28), സെനേ ഗ്രീൻ(24), ഗ്രെയ്ഗ് വില്യംസ്(15) എന്നിവർ മികച്ച പ്രകടനം പുറത്തെടുത്തു.

# കോവിഡ് സ്ക്വാഡ് പരിശോധന: മൂന്ന് കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്ക് തല സ്ക്വാഡ് പരിശോധനയിൽ മൂന്ന് കേസുകൾക്ക് പിഴചുമത്തി.

ചടയമംഗലം, ഇളമാട്, കരീപ്ര, എഴുകോൺ, ഇട്ടിവ, കൊട്ടാരക്കര, കുളക്കട, മൈലം, നെടുവത്തൂർ, നിലമേൽ, വെളിനല്ലൂർ എന്നിവിടങ്ങളിലെ മൂന്ന് സ്ഥാപങ്ങൾക്ക് പിഴ ചുമത്തി. 84 എണ്ണത്തിന് താക്കീത് നൽകി. കരുനാഗപ്പള്ളിയിൽ 14 കേസുകൾക്ക് താക്കീത് നൽകി.

# കൗൺസിലർ ഒഴിവ്

ജില്ലാ പഞ്ചായത്തിലെ ജൻ്റർ റിസോഴ്സ് സെൻ്ററിൽ കരാർ അടിസ്ഥാനത്തിലുള്ള കൗൺസിലറുടെ ഒരു ഒഴിവുണ്ട്. ജില്ലയിൽ നിന്നുള്ള എം. എസ്. ഡബ്ള്യു/എം. എസ്. സി സൈക്കോളജി ബിരുദം നേടിയ 18നും 44 നും മധ്യേ പ്രായമുള്ള വനിതകൾക്ക് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം അപേക്ഷിക്കാം. അവസാന തീയതി ഒക്ടോബർ 30. വിലാസം ജില്ലാ ശിശു വികസന ഓഫീസ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കൊല്ലം691013. ഫോൺ 0474 2992809.

# ഒ.ബി.സി. വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങളിൽ ഉൾപ്പെട്ട സി.എ, സി.എം.എ, സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്ന ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകരം ഇഗ്രാൻ്റ്സ് വെബ്പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക്: www.e-gr-a-tnz.k-er-a-l-a.gov.in.

# അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു

സംസ്ഥാന സർക്കാരിൻ്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏജൻസി ഫോർ ന്യൂ & റിന്യൂവബിൾ എനർജി റിസർച്ച് & ടെക്നോളജിയിൽ (അനെർട്ട്) ഓഫീസ് അസിസ്റ്റൻ്റ് തസ്തികയിലേക്കും അക്കൗണ്ടൻ്റ് തസ്തികയിലേക്കും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലറിക്കൽ തസ്തികയിലോ അക്കൗണ്ട്സ് സംബന്ധമായ തസ്തികയിലോ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

അക്കൗണ്ടൻ്റിന് കൊമേഴ്സിലുള്ള ബിരുദവും 5 വർഷത്തെ പ്രവർത്തിപരിചയവും ഉണ്ടാവണം. ഓഫീസ് അസിസ്റ്റൻ്റിന് അംഗീകൃത സർവകലാശാല ബിരുദവും 5 വർഷത്തെ പ്രവർത്തിപരിചയവും ഡി.ടി.പിയിലുള്ള പരിജ്ഞാനവും വേണം.

അന്യത്ര സേവനത്തിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയിൽ ഓഫീസ് മേധാവിയെ കൊണ്ട് സൈൻ ചെയ്ത് വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം സഹിതം രലീ@മില്യ.ശി ലേക്ക് നവംബർ 15 നകം ലഭ്യമാക്കണം. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, ലാ കോളേജ് റോഡ്, പി.എം.ജി, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അസൽ അപേക്ഷ അയക്കുകയും വേണം.

# ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ഒക്ടോബർ 25 മുതൽ

സ്കൂൾ കുട്ടികൾക്കായി ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന 'കരുതലോടെ മുന്നോട്ട്' പദ്ധതിയുടെ ഭാഗമായ കോവിഡ് പ്രതിരോധ മരുന്ന വിതരണം ഒക്ടോബർ 25 മുതൽ 27 വരെ ജില്ലയിൽ നടത്തും. രാവിലെ ഒമ്പത് മുതൽ വൈകിട്ട് നാലു വരെയാണ് സമയം. 88 ഹോമിയോ ഡിസ്പെൻസറികൾക്കൊപ്പം ആറ് കിയോസ്ക്കുകളും മരുന്ന് വിതരണത്തിന് തയ്യാറാക്കി എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എസ്. പ്രദീപ് അറിയിച്ചു. ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് സാം കെ. ഡാനിയൽ തേവള്ളി ജില്ലാ ഹോമിയോ ആശുപത്രിയിൽ നിർവഹിക്കും. 23 ന് തുടങ്ങുന്ന രജിസ്ട്രേഷൻ വിവരങ്ങൾക്ക് 0474 2797220.




ഉജ്ജ്വലം പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്യുന്നു

# പ്രധാനമന്ത്രിയുടെ അർധസത്യങ്ങൾ അപകടകരം; വാക്സിൻ അവകാശവാദം തള്ളി കോൺഗ്രസ്

ന്യൂഡൽഹി: രാജ്യത്തെ ജനസംഖ്യയുടെ 21 ശതമാനം പേർക്ക് മാത്രമാണ് വാക്സിൻ പൂർണതോതിൽ നൽകിയതെന്ന് കോൺഗ്രസ്.

പ്രധാനമന്ത്രിയുടെ 100 കോടി വാക്സിനേഷൻ അവകാശവാദത്തിനു പിന്നാലെയാണ് വിമർശനവുമായി കോൺഗ്രസ് രംഗത്തെത്തിയത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ പ്രതിരോധ കുത്തിവയ്പ്പിലൂടെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും കോൺഗ്രസ് ആരോപിച്ചു.

വർഷാവസാനത്തോടെ എല്ലാ മുതിർന്ന പൗരൻമാർക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുമെന്ന വാഗ്ദാനം നിറവേറ്റുന്നതെങ്ങനെയെന്നു സംബന്ധിച്ച് ധവളപത്രം പുറത്തിറക്കാൻ പ്രധാനമന്ത്രി തയാറാവണം കോൺഗ്രസ് ആവശ്യപ്പെട്ടു.

രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി വിലക്കയറ്റവും ഭീകരതയും സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് സംസാരിച്ചില്ല കോൺഗ്രസ് വക്താവ് ഗൗരവ് വല്ലഭ് ആരോപിച്ചു. കോവിഡ് മൂലം ജീവൻ നഷ്ടപ്പെട്ട 4.53 ലക്ഷം ആളുകളുടെ കുടുംബങ്ങളെ അനുശോചനം അറിയിക്കുന്നതിനുപകരം പ്രധാനമന്ത്രി ആഘോഷിക്കുകയാണ്.

രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പ്രധാനമന്ത്രി സംസാരിക്കണം. എന്നാൽ അദ്ദേഹം 'മഹോത്സവം' കൊണ്ടാടുകയാണ്.

തെറ്റായ വിവരങ്ങൾ പങ്കുവച്ച് പ്രധാനമന്ത്രി രാജ്യത്തെ തെറ്റിദ്ധരിപ്പിക്കുകയാണ്. പ്രധാനമന്ത്രി നൽകിയ വിവരങ്ങൾ അർധസത്യങ്ങളാണ്. അർധസത്യങ്ങൾ അപകടകാരിയാണെന്നും ഗൗരവ് വല്ലഭ് പറഞ്ഞു.

# സീറ്റ് ഒഴിവ്

ഹിന്ദി ഡിപ്ലോമ ഇൻ എലിമെൻ്ററി എഡ്യൂക്കേഷൻ കോഴ്സിൻ്റെ ഒഴിവുള്ള ഒരു സീറ്റിലേക്ക് ഒക്ടോബർ 30 നകം അപേക്ഷിക്കാം. യോഗ്യത 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയോടു കൂടിയ പ്ലസ് ടു. ഭൂഷൺ, സാഹിത്യാചാര്യ, സാഹിത്യവിശാരദ്, പ്രവീൺ, ഹിന്ദി ബി.എ/എം.എ എന്നിവയും പരിഗണിക്കും. പ്രായപരിധി : 1735. പട്ടികജാതിക്കാർക്ക് അഞ്ച്, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് മൂന്ന് വർഷം വയസ്സിളവ് നൽകും. ഇ ഗ്രാൻ്റ് വഴി പട്ടിക വിഭാഗംമറ്റ് അർഹ വിഭാഗത്തിന് ഫീസ് ഇളവുമുണ്ട്. ഫോൺ 0473 4296496, 8547126028.

# ഫിറ്റ്നെസ് പരിശോധന

സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധന എല്ലാ പ്രവർത്തിദിനങ്ങളിലും ആശ്രാമം മൈതാനത്ത് ഉച്ചയ്ക്ക് 12 മണിവരെ നടത്തുമെന്ന് ആർ. ടി. ഒ അറിയിച്ചു.

# ജോലി വാഗ്ദാനം നൽകി പറ്റിച്ചെന്ന് പനച്ചൂരാൻെറ ഭാര്യ

തിരുവനന്തപുരം: ദുരന്തമുഖങ്ങളിൽ തലകാണിക്കാനെത്തുന്ന രാഷ്ട്രീയക്കാരുടെ വാഗ്ദാനങ്ങൾ വെറും വാഗ്ദാനങ്ങളായി ഒടുങ്ങുകയേ ഉള്ളൂ. അതിനാൽ ദയവു ചെയ്ത് ഇത്തരം വാർത്തകൾ വിശ്വസിക്കരുത് മലയാളത്തിൻറെ പ്രിയകവി അനിൽ പനച്ചൂരാൻറെ ഭാര്യ മായയുടെ വാക്കുകളാണ്. പ്രമുഖരുടെ വാക്കുകളിൽ വിശ്വസിച്ച് ആശ്വാസം കൊണ്ട മായയുടെ ആശാഭംഗത്തിൻറെ നോവിൻറെ വാക്കുകളാണിത്.

ഫേസ്ബുക്കിലൂടെയാണ് മായ പൊട്ടിത്തെറിച്ചത്. മായക്ക് ജോലി നൽകുമെന്നായിരുന്നു രാഷ്ട്രിയ നേതാക്കളുടെ പ്രധാന വാഗ്ദാനം. എന്നാൽ നാളിതുവരെയായി ജോലി ലഭിച്ചില്ല. ജോലിയായില്ലെന്ന് ആളുകളോട് പറഞ്ഞ് മടുത്തെന്ന് മായ പറയുന്നു. കായംകുളം എംഎൽഎ പ്രതിഭ ഉൾപ്പടെയുള്ള പ്രമുഖർ കവിയുടെ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് പല വേദികളിലും പ്രസംഗിച്ചത് ( പ്രതിഭ അനുശോചന യോഗങ്ങളിൽ പൊട്ടികരഞ്ഞതും) ശ്രദ്ധയിൽ പെട്ടിരുന്നു.

അനിൽ പനച്ചൂരാനെ സ്നേഹിക്കുന്ന, ഞങ്ങളുടെ ദൗർഭാഗ്യങ്ങളിൽ വേദനിക്കുന്ന ആയിരക്കണക്കിനാളുകൾ ഉണ്ടെന്നറിയാം. അവരോട് എന്തു പറയണം എന്നറിയില്ലായിരുന്നു. ഇപ്പോൾ ഒരു മറുപടിയായി. അത് ഇവിടെ സമർപ്പിക്കുന്നു.

ദുരന്തമുഖങ്ങളിൽ തലകാണിക്കാൻ രാഷ്ട്രീയക്കാർ എത്തുന്ന വാർത്തകൾ നമ്മൾ നിരന്തരം കാണാറുണ്ട്. വാഗ്ദാനങ്ങൾ നൽകുന്നത് പത്രമാധ്യമങ്ങളിൽ കൂടി അറിയാറുണ്ട്. ഇതെല്ലാം വെറും വാഗ്ദാനങ്ങളായി ഒടുങ്ങുകയേ ഉള്ളൂ. അതുകൊണ്ട് ദയവു ചെയ്ത് ഇത്തരം വാർത്തകൾ വിശ്വസിക്കരുത് മായ ഫേസ്ബുക്കിൽ കുറിച്ചു.

## ഷർജീൽ ഇമാമിന് വീണ്ടും കാരാഗൃഹം

ന്യൂഡൽഹി: ജെഎൻയു വിദ്യാർഥിയും ആക്ടിവിസ്റ്റുമായ ഷർജീൽ ഇമാമിന് ജാമ്യം നിഷേധിച്ച് ഡൽഹി കോടതി. സ്വാമി വിവേകാനന്ദൻറെ വാക്കുകൾ ഉദ്ധരിച്ചായിരുന്നു കോടതിയുടെ നടപടി.

നമ്മുടെ ചിന്തകളാണ് നമ്മളെ രൂപപ്പെടുത്തുന്നത്. അതിനാൽ ചിന്തിക്കുന്നത് എന്താണെന്ന് ശ്രദ്ധിക്കുക. വാക്കുകൾ രണ്ടാമതാണ്. ചിന്തകൾ ജീവിക്കുന്നു. അവ വളരെ ദൂരം സഞ്ചരിക്കുന്നു എന്ന വിവേകാനന്ദൻറെ വാക്കുകൾ കോടതി എടുത്തുപറഞ്ഞു.

2019ൽ ജാമിയനഗർ പ്രദേശത്ത് പ്രകോപനപരമായ പ്രസംഗം നടത്തിയെന്നും അക്രമത്തിന് പ്രേരിപ്പിച്ചെന്നും ആരോപിച്ചായിരുന്നു ഷർജീൽ അറസ്റ്റിലായത്. സാമുദായിക ഭിന്നിപ്പുണ്ടാക്കുന്നവയായിരുന്നു 2019 ഡിസംബർ 13 ന് ഷർജീൽ നടത്തിയ പ്രസംഗമെന്ന് ഡൽഹി സാകേത് കോടതി അഡീഷണൽ സെഷൻസ് ജഡ്ജി അനൂജ് അഗർവാൾ ജാമ്യം തള്ളി നിരീക്ഷിച്ചു.

ഭരണഘടന ആവിഷ്കാര സ്വാതന്ത്ര്യം ഉറപ്പു നൽകുന്നുണ്ടെങ്കിലും അത് സമൂഹത്തെ ഭിന്നിപ്പിക്കാനായി ഉപയോഗിക്കരുതെന്ന് കോടതി ചൂണ്ടിക്കാട്ടി. യുഎപിഎ പ്രകാരമാണ് ഷർജീലിനെതിരെ കേസെടുത്തിട്ടുള്ളത്.

# പാക് ആരാധകർക്ക് രോഹിത് കോഹ്‌ലിയേക്കാൾ വലിയൻ : അക്തർ

ഷാർജ: ഐസിസി ട്വൻറി20 ലോകകപ്പ് ക്രിക്കറ്റിൽ ഞായറാഴ്ച ഇന്ത്യയും പാക്കിസ്ഥാനും ഏറ്റുമുട്ടാനൊരുങ്ങുകയാണ്. അതിനിടെ ഇന്ത്യൻ താരങ്ങളെ പുകഴ്ത്തി പാക് മുൻ പേസർ ശുഐബ് അക്തർ രംഗത്തെത്തി.

ഇന്ത്യൻ താരങ്ങൾക്ക് പാക്കിസ്ഥാനിൽ ഒട്ടേറെ ആരാധകരുണ്ട്. ഇന്ത്യൻ നായകൻ വിരാട് കോഹ്‌ലിയുടെ നിരവധി ആരാധകരും പാക്കിസ്ഥാനിലുണ്ട്. എന്നാൽ എല്ലാവരും കൂടുതൽ ആരാധകരുള്ള താരം കോഹ്‌ലി അല്ല, അത് രോഹിത് ശർമയാണെന്നും അക്തർ വെളിപ്പെടുത്തി. ഇന്ത്യയുടെ ഇൻസമാം ഉൾ ഹഖ് എന്നാണ് അദ്ദേഹത്തെ വിശേഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

‘ഇന്ത്യക്ക് നല്ലൊരു ടീമില്ലെന്ന് പറയുന്ന ആരും തന്നെ ഇപ്പോൾ പാക്കിസ്ഥാനില്ല. അവർ അത് പരസ്യമായി അഭിനന്ദിക്കുന്നു. വിരാട് കോഹ്‌ലി മികച്ച കളിക്കാരനാണെന്നും രോഹിത് ശർമ്മയെ ഇതിലും വലിയ ആളാണെന്നും അവർ കരുതുന്നു. രോഹിത്, ഇന്ത്യയുടെ ഇൻസമാം ഉൾ ഹഖ് ആണെന്നാണ് അവർ പറയുന്നു. ഓസ്ട്രേലിയയിൽ ഋഷഭ് പന്ത് പുറത്തെടുത്ത






പ്രകടനം എല്ലാവരും അഭിനന്ദിക്കുന്നു. അതുപോലെ സൂര്യകുമാർ യാദവും ഒരുപാട് ആരാധകരുണ്ട്’തൻറെ യൂട്യൂബ് ചാനലിലൂടെ അക്തർ പറഞ്ഞു.

തനിക്കും ഇന്ത്യയിൽ ഒട്ടേറെ ആരാധകരുള്ളത് ഭാഗ്യമായി കരുതുന്നു. തൻറെ അഭിപ്രായങ്ങൾ പണമുണ്ടാക്കാനാണെന്ന വിമർശനങ്ങളെ അക്തർ തള്ളിക്കളഞ്ഞു. എൻറെ വിഡിയോകൾ ശ്രദ്ധിച്ചാലറിയാം, അവിടെ വെറുപ്പിന് സ്ഥാനമില്ല. തൻറെ അഭിപ്രായങ്ങൾ സന്തുലിതമായിരിക്കണമെന്ന് വിശ്വസിക്കുന്നു. ഇന്ത്യക്കാരെ വളരെയധികം സ്നേഹിക്കുന്ന പാക്കിസ്ഥാനിയാണ് താൻ. ആരുടെയും വികാരങ്ങളെ വ്രണപ്പെടുത്താൻ ആഗ്രഹിക്കുന്നില്ലെന്നും അക്തർ വ്യക്തമാക്കി.

ഞായറാഴ്ച ദുബായിയിലാണ് ഇന്ത്യ പാക്കിസ്ഥാൻ പോരാട്ടം. ഇത്തവണ കിരീടം സ്വന്തമാക്കാൻ ഏറ്റവും സാധ്യതയുള്ള ടീം ഇന്ത്യ ആണെന്നു പാക്കിസ്ഥാൻ മുൻ ക്യാപ്റ്റൻ ഇൻസമാം ഉൾ ഹഖ് അഭിപ്രായപ്പെട്ടിരുന്നു. ലോകകപ്പ് നടക്കുന്ന യുഎഇയിൽ ഇന്ത്യക്ക് അനുകൂല സാഹചര്യങ്ങളാണുള്ളതെന്നും അദ്ദേഹം പറഞ്ഞിരുന്നു.

ഓസ്ട്രേലിയയ്ക്കെതിരായ സന്നാഹമത്സരത്തിൽ ഇന്ത്യയുടെ പ്രകടനം നമ്മൾ കണ്ടതാണ്. 153 റൺസ് പിന്തുടരാൻ ഇന്ത്യക്കു ക്യാപ്റ്റൻ വിരാട് കോഹ്‌ലിയുടെ ആവശ്യം പോലും വന്നില്ല. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സൂപ്പർ 12ലെ പോരാട്ടം ഫൈനലിനു മുന്പുള്ള ഫൈനലാണ്.

2017 ചാന്പ്യൻസ് ട്രോഫിയിലും ഇതേ സാഹചര്യമായിരുന്നു. സൂപ്പർ 12ലെ പോരാട്ടത്തിൽ വിജയിക്കുന്ന ടീമിനു പിന്നീട് സമ്മർദമില്ലാതെ കളിക്കാനാകും ഇൻസമാം പറയുന്നു.

# പിക്കപ്പ് വാൻ മോഷ്ടിച്ച മോഷ്ടാവ് പിടിയിൽ

മല്ലപ്പള്ളി: മല്ലപ്പള്ളിയിൽ നിന്നും പിക്കപ്പ് വാൻ മോഷ്ടിച്ച കേസിലും, തൊഴിലാളി ഫിഷറീസിലും നിന്നും പണം മോഷ്ടിച്ച കേസിലെയും പ്രതിയായ മോഷ്ടാവ് തിരുവല്ലം മേനിലം കീഴേപാലറക്കുന്ന് വേണുഗോപാലിന്റെ മകൻ തിരുവല്ലം ഉണ്ണി (48) കീഴ്വായ്പൂര് പോലീസിന്റെ പിടിയിലായി.അടുത്തടുത്ത ദിവസങ്ങളായി മല്ലപ്പള്ളിയിലെയും, പുതുശ്ശേരിയിലെയും കടകൾ കുത്തി തുറന്ന് മോഷണം നടത്തിയിരുന്നു. കഴിഞ്ഞ 11ാം തീയതി മല്ലപ്പള്ളി ജിതേഷിന്റെയും, രാജേഷിന്റെയും വർക്ക്ഷോപ്പിൽ പണിക്കായി സൂക്ഷിച്ചിരുന്ന പിക്കപ്പ് വാൻ ആണ് മോഷണം നടത്തിയത്. പിക്കപ്പിന്റെ സീറ്റും ബാറ്ററിയും ഇളക്കി കടയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. കട പൊളിച്ച് വാഹനത്തിന്റെ താക്കോൽ കൈക്കലാക്കി ബാറ്ററിയും, സീറ്റും ഫിറ്റ് ചെയ്തു വഴിയിൽ കണ്ട വാഹനത്തിൽ നിന്നും ഡീസൽ ഊറ്റി തിരുവല്ല വഴി തിരുവല്ലത്തേക്ക് കടക്കുകയായിരുന്നു. പോകുന്ന വഴിക്ക് കടമാൻകുളത്ത് റോഡ് പണിക്കായി എത്തിച്ച റോഡ് റോളർ വാഹനത്തിൽ നിന്നും ഡീസൽ മോഷ്ടിച്ചു .മോഷണം ചെയ്തെടുത്ത പിക്കപ്പ് വാനിൽ വ്യാജ നമ്പർ പതിച്ച് ലൈറ്റുകളും ഫിറ്റ് ചെയ്ത തിരിച്ചറിയാൻ കഴിയാത്തവിധം രൂപമാറ്റം വരുത്തിയായിരുന്നു പ്രതി സഞ്ചരിച്ചത്.ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനിക്ക് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് പ്രതി തിരുവല്ലം സ്വദേശിയാണെന്ന് പോലീസിന് സൂചന കിട്ടിയത്. തിരുവല്ല ഡിവൈഎസ്പി ടി രാജപ്പന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് സിസിടിവിയും മറ്റും പരിശോധിച്ചു അന്വേഷിക്കുകയായിരുന്നു.കീഴ്വായ്പൂര് എസ്.എച്ച്.ഒ ജി സന്തോഷ് കുമാറും സംഘവും ദിവസങ്ങളോളം തിരുവനന്തപുരം കേന്ദ്രീകരിച്ച് അന്വേഷണം നടത്തി പ്രതിയെ കോവളം ഭാഗത്തുണ്ടന്ന് മനസ്സിലാക്കുകയും കഴിഞ്ഞദിവസം വെടിവെച്ചാൽ കോവിലിന് സമീപത്ത് നിന്നും വാഹനം ഉൾപ്പെടെ പ്രതിയേയും പിടികൂടുകയായിരുന്നു. പ്രതിയിൽ നിന്നും പൂട്ടു പൊളിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും, പണവും കണ്ടെത്തി. ഇന്നലെ എസ്.എച്ച്.ഒ ജി സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ മോഷണം നടന്ന സ്ഥലങ്ങളിൽ പ്രതിയെ എത്തിച്ച് തെളിവെടുപ്പ് നടത്തി.മോഷ്ടിച്ച വാഹനത്തിൽ കറങ്ങി റബ്ബർ ഷീറ്റ് കടകൾ, വർക്ക്ഷോപ്പുകൾ, പലചരക്ക് കടകൾ കേന്ദ്രീകരിച്ച് മോഷണം നടത്തുന്നതാണ് രീതി. ഇരുപത് വർഷങ്ങൾക്കുമുമ്പ് മല്ലപ്പള്ളിയിൽ ഡ്രൈവറായി ജോലി ചെയ്തിരുന്നു. അന്ന് വാഹന മോഷണ കേസിൽ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. വിശദമായ ചോദ്യം ചെയ്യലിൽ ഇയാൾ ആറ്റിങ്ങൽ, കിളിമാനൂർ, ചടയമംഗലം ,കറുകച്ചാൽ എന്നീ പോലീസ് സ്റ്റേഷനുകളിൽ എട്ടോളം കേസുകളിൽ പിടികിട്ടാനുള്ള ആളാണ് തെളിഞ്ഞു. ജില്ലാ പോലീസ് മേധാവി ആര് നിശാന്തിനി ഐപിഎസിന്റെ നിർദ്ദേശപ്രകാരം തിരുവല്ല ഡിവൈഎസ്പി ടി രാജപ്പന്റെ മേൽനോട്ടത്തിൽ ,കീഴ്വായ്പൂര് എസ് എച്ച് .ഒ ജി സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ എസ്.ഐമാരായ ബി.എസ് ആദർശ്, ബാബു,എ.എസ്.ഐ അജു കെ അലി, സി പി ഒ മാരായ അരുൺ,സനിൽ, വരുൺ, ജില്ലാ ഡി.എ.എൻ.എസ്.എ എഫ് പ്രത്യേക അന്വേഷണ സംഘത്തിലെ അംഗമായ സി.പി.ഒ സുജിത് എന്നിവർ അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

## സിബിഐയുടെ പെരുമാറ്റം സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരെ പോലെ: ജാർഖണ്ഡ് ഹൈക്കോടതി

ന്യൂഡൽഹി: ജാർഖണ്ഡിൽ ജ!!ഡ്ജി കൊല്ലപ്പെട്ട സംഭവത്തിൽ അന്വേഷണം വൈകുന്നതിൽ സിബിഐയ്ക്ക് ജാർഖണ്ഡ് ഹൈക്കോടതിയുടെ രൂക്ഷവിമർശനം. സിബിഐ ഉദ്യോഗസ്ഥർ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥരെ പോലെയാണ് പെരുമാറുന്നത്. കേസിൽ കൃത്യമായ അന്വേഷണമല്ല സിബിഐ നടത്തുന്നതെന്നും കോടതി വിമർശിച്ചു.

കേസിൽ യാതൊരു അന്വേഷണ പുരോഗതിയുമില്ല. മൂന്ന് മാസമായിട്ടും കുറ്റവാളികളെ കണ്ടെത്താൻ കഴിയാത്തത് നിരാശപ്പെടുത്തുന്നതാണെന്ന് കോടതി പറഞ്ഞു. കേസ് ഒക്ടോബർ 29ന് ഹൈക്കോടതി വീണ്ടും പരിഗണിക്കും. കേസിൽ കഴിഞ്ഞദിവസം സിബിഐ കുറ്റപത്രം സമർപ്പിച്ചിരുന്നു.

ധൻബാദ് ജില്ലയിലെ അഡിഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോർട്ടിൽ ജഡ്ജിയായിരുന്നു കൊല്ലപ്പെട്ട ജസ്റ്റിസ് ഉത്തം ആനന്ദ്. ജൂലൈ 28ന് പതിവ് പ്രഭാത സവാരിക്കിറങ്ങിയ ജസ്റ്റീസ് ആനന്ദിനെ ഒരു ഓട്ടോ പിന്നിൽ നിന്ന് വന്നിടിച്ചിടുകയായിരുന്നു.

ജഡ്ജിയെ ബോധപൂർവ്വം ഇടിച്ചതാണെന്ന് സംശയിക്കാവുന്ന സിസിടിവി ദൃശ്യങ്ങൾ പിന്നാലെ പുറത്ത് വന്നിരുന്നു.

# സസ്പെൻഷൻ അംഗീകരിച്ച് യോഗേന്ദ്ര യാദവ്

ന്യൂഡൽഹി: സംയുക്ത കിസാൻ മോർച്ചയുടെ സസ്പെൻഷൻ തീരുമാനം അംഗീകരിക്കുന്നതായി യോഗേന്ദ്ര യാദവ്. സംഘടനയുടെ തീരുമാനത്തെ മാനിക്കുന്നു. ശിക്ഷാ നടപടി സ്വീകരിക്കുന്നതായും ട്വിറ്ററിൽ യോഗേന്ദ്ര യാദവ് അറിയിച്ചു. കർഷക പ്രതിഷേധം രാജ്യത്തിൻറെ പ്രതീക്ഷയുടെ കിരണമാണ്. അതിൻറെ ഐക്യവും തീരുമാനമെടുക്കൽ പ്രക്രിയയും ഉറപ്പാക്കേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലഖിംപൂർ ഖേരി അക്രമത്തിൽ കൊല്ലപെട്ട ബിജെപി പ്രവർത്തകൻറെ വീട് സന്ദർശിച്ചതിനാണ് യോഗേന്ദ്ര യാദവിനെ സംയുക്ത കിസാൻ മോർച്ച ഒരു മാസത്തേക്കു സസ്പെൻഡ് ചെയ്തത്. കർഷക സമരത്തിന് നേതൃത്വം നൽകുന്ന സംയുക്ത കിസാൻ മോർച്ച അംഗമായ യോഗേന്ദ്ര യാദവ് സംഘടനയിലെ നേതാക്കളുമായി ആലോചിക്കാതെയാണ് ബിജെപി പ്രവർത്തകൻറെ വീട് സന്ദർശിച്ചത്.

ഒരു മാസത്തേക്ക് യാദവിന് കിസാൻ മോർച്ചയുടെ പൊതുപരിപാടികളിലോ തീരുമനങ്ങളിലോ ഭാഗമാകാൻ കഴിയില്ല. പഞ്ചാബിൽ നിന്നുമുള്ള കർഷകരുടെ സംഘടനകളാണ് യാദവിനെതിരെ നടപടി ആവശ്യപെട്ടത്. പഞ്ചാബിൽ നിന്നുമുള്ള 32 കർഷക കൂട്ടായ്മകൾ യോഗേന്ദ്ര യാദവ് പരസ്യമായി മാപ്പ് പറയണം എന്നാവശ്യപെട്ടു.

ഉത്തർപ്രദേശിലെ ലഖിംപുരിൽ ഒക്ടോബർ മൂന്ന് ഞായറാഴ്ച യുപി ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യ പങ്കെടുത്ത ചടങ്ങിൽ പ്രതിഷേധമറിയിച്ച് തിരകെ പോകുകയായിരുന്ന കർഷകർക്ക് നേരെ വാഹനമിടിച്ചറക്കിയ സംഭവത്തിൽ നാല് കർഷകർ, മൂന്ന് ബിജെപി പ്രവർത്തകർ, ഒരു പ്രാദേശിക മാധ്യമപ്രവർത്തകനും കൊല്ലപെട്ടിരുന്നു. പ്രത്യേക അന്വേഷണ സംഘത്തിൻറെ അന്വേഷണത്തെ തുടർന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് മിശ്രയുടെ മകൻ ആശിഷ് മിശ്രയടക്കം ആറു പേർ അറസ്റ്റിലാണ്.

## മോൻസൻെറ ഒളികാമറ: കെണിലായവർ ആരൊക്കെ

കൊച്ചി: പുരാവസ്തു തട്ടിപ്പ് കേസിൽ അറസ്റ്റിലായ മോൻസൻ മാവുങ്കലിൻറെ വീട്ടിലെ തിരുമ്മൽ കേന്ദ്രത്തിൽ ഒളികാമറ വച്ചിരുന്നതായ വെളിപ്പെടുത്തൽ പുറത്തുവന്നതിനു പിന്നാലെ ഇയാൾ ആരെയൊക്കെ കെണിയിലാക്കിയിട്ടുണ്ടെന്ന് വ്യക്തമായിട്ടില്ല. ഇരയായ യുവതിയാണ് ഇതുസംബന്ധിച്ചു ക്രൈംബ്രാഞ്ചിനു മൊഴി നൽകിയിരിക്കുന്നത്. ഇവിടെനിന്നു പല ഉന്നതരുടെയും ദൃശ്യങ്ങൾ രഹസ്യമായി ചിത്രീകരിച്ചിരുന്നു. ബ്ലാക്ക് മെയിലിംഗ് ഭയന്നാണ് പലരും പരാതി നൽകാതിരിക്കുന്നതെന്നാണ് യുവതിയുടെ മൊഴി. എട്ട് ഒളികാമറകൾ ഇവിടെ ഉണ്ടായിരുന്നുവെന്നും തൻറെ ദൃശ്യങ്ങളും മോൻസൻ പകർത്തിയതായും യുവതിയുടെ മൊഴിയിലുണ്ടെന്ന് അറിയുന്നു. അതേസമയം, മോൻസൻറെ പോക്സോ കേസിൽ കൂടുതൽ തെളിവ് ശേഖരിക്കാൻ ഒരുങ്ങുകയാണ് ക്രൈംബ്രാഞ്ച് അന്വേഷണ സംഘം. ഇയാളെ അടുത്തയാഴ്ച കസ്റ്റഡിയിൽ വാങ്ങും. മോൻസൻറെ വീട്ടിലും ഗസ്റ്റ് ഹൗസിലും ശാസ്ത്രീയ പരിശോധന നടത്താനും അന്വേഷണ സംഘം നടപടികൾ ആരംഭിച്ചതായും അറിയുന്നു. ഡിആർഡിഒ വ്യാജരേഖ കേസിൽ മോൻസൻറെ അറസ്റ്റ് ക്രൈംബ്രാഞ്ച് സംഘം രേഖപ്പെടുത്തിയിരുന്നു.

## നഗരശ്രീ ഉത്സവ്

കൊട്ടാരക്കര നഗരസഭ കുടുംബശ്രീ വഴി നൂതന സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി നഗരശ്രീ ഉത്സവ് സംഘടിപ്പിച്ചു.

ചെയർമാൻ എ. ഷാജു ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൻ അനിതാ ഗോപകുമാർ അധ്യക്ഷയായി. പുതുതായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കൽ, റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കൽ, തൊഴിൽ മേളകളുടെ സംഘാടനം, നൈപുണ്യ പരിശീലനം, വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉത്സവിന്റെ ഭാഗമായി നടത്തുക.

## അപേക്ഷ ക്ഷണിച്ചു

തമിഴ് നാട്ടിലെ പാളയം കോട്ടയിലുള്ള സർക്കാർ സിദ്ധ കോളേജിലെ എം.ഡി (സിദ്ധ) കോഴ്സിലേക്കും ഹൈദ്രാബാദിലെ സർക്കാർ നിസാമിയ ടിബ്ബി കോളേജ്, ബാംഗ്ലൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യുനാനി മെഡിസിൻ എന്നീ കോളേജുകളിലെ എം.ഡി യുനാനി കോഴ്സിലേക്കും നിലവിൽ പി.ജി കോഴ്സുകൾ ഇല്ലാത്ത സംസ്ഥാനങ്ങൾക്കായി കേന്ദ്ര സർക്കാർ സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിൽ അപേക്ഷ ക്ഷണിച്ചു. ആയുഷ് മന്ത്രാലയത്തിന്റെ മാർഗ നിർദ്ദേശം അനുസരിച്ചുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, മറ്റു രേഖകൾ ഉൾപ്പെടെയുള്ള അപേക്ഷ ഇമെയിൽ വഴിയോ നേരിട്ടോ തപാൽ മുഖേനയോ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 26ന് വൈകുന്നേരം 5 മണിക്ക് മുൻപ് ലഭിക്കണം. വിലാസം: ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. വിശദവിവരങ്ങൾക്ക്: www.ayurv-e-d-a.k-er-a-l-a.gov.in, അപേക്ഷ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 29 ആണ്.

## ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം

സാമൂഹ്യ നീതി വകുപ്പിന് കീഴിലെ ഓർഫനേജ് കൺട്രോൾ ബോർഡ് തിരുവനന്തപുരം ഓഫീസിലെ വിവിധ തസ്തികകളിലെ ഒഴിവുകളിലേക്ക് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

ക്ലാർക്ക്, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് കക തസ്തികകളിലാണ് നിയമനം. ക്ലാർക്ക് തസ്തികയിൽ അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമനം നേടിയവരും ക്ലാർക്ക്/ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ 26,500 60,700 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരുമായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് കക ൽ അപേക്ഷർ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമനം നേടിയവരും പ്രൊബേഷൻ ഓഫീസർ ഗ്രേഡ് കക തസ്തികയിൽ 43,40091,200 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരുമായിരിക്കണം. അപേക്ഷകൾ നവംബർ 30നകം ലഭിക്കണം. ഫോൺ: 04712306040.

## സപ്ലൈകോ സൂപർ മാർക്കറ്റ് ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ നിർവഹിക്കും

സപ്ലൈകോയുടെ നവീകരിച്ച സൂപർ മാർക്കറ്റ്മെഡിക്കൽ സ്റ്റോർ എന്നിവ ഒക്ടോബർ 24 ന് വൈകിട്ട് നാലിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ നാടിന് സമർപ്പിക്കും. ആനന്ദവല്ലീശ്വരത്ത് നടക്കുന്ന ചടങ്ങിൽ എം. മുകേഷ് എം. എൽ. എ അധ്യക്ഷനാകും. മേയർ പ്രസന്ന ഏണസ്റ്റ് ആദ്യ വിൽപന നടത്തും. എൻ. കെ. പ്രേമചന്ദ്രൻ എം. പി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ, ഡെപ്യൂട്ടി മേയർ കൊല്ലം മധു, ഡിവിഷൻ കൗൺസിലർ ബി. ശൈലജ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

## ജില്ലാ വികസന സമിതി യോഗം

ജില്ലാ വികസന സമിതി യോഗം ഒക്ടോബർ 30ന് രാവിലെ 11ന് ഓൺലൈനായി ചേരുമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു.

# ദക്ഷിണകൊറിയ ബഹിരാകാശ റോക്കറ്റ് പരീക്ഷിച്ചു

സീയൂൾ: ദക്ഷിണകൊറിയ തദ്ദേശീയമായി വികസിപ്പിച്ച ബഹിരാകാശ റോക്കറ്റ് വിക്ഷേപിച്ചു. കൊറിയൻ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ രണ്ട് എന്ന ഇതിനെ നുരി എന്നും വിളിക്കുന്നു. അതേസമയം, വിക്ഷേപണം വിജയകരമായെങ്കിലും ഡമ്മി ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിക്കുന്നതിൽ പരാജയപ്പെട്ടു.

ഉത്തരകൊറിയയുമായി ആയുധമത്സരം കടുപ്പിക്കുന്നതിൻറെ ഭാഗമായിട്ടാണോ ദക്ഷിണകൊറിയയുടെ പരീക്ഷണമെന്നു സംശയമുണ്ട്. ഉപഗ്രഹ റോക്കറ്റുകളും ബാലിസ്റ്റിക് മിസൈലുകളും ഒരേ സാങ്കേതിക വിദ്യയിലാണു പ്രവർത്തിക്കുന്നത്. ഉത്തരകൊറിയ മുന്പ് നടത്തിയിട്ടുള്ള ഉപഗ്രഹ വിക്ഷേപണങ്ങളെല്ലാം ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ വികസിപ്പിക്കാൻ പ്രയോജനപ്പെടുത്തിയിരുന്നു.

47.2 മീറ്റർ നീളവും 200 ടൺ ഭാരവുമുള്ള നുരി റോക്കറ്റ് ഇന്നലെ സീയൂളിന് 500 കിലോമീറ്റർ തെക്ക് ഗൊഹിയുംഗിൽനിന്നാണു വിക്ഷേപിച്ചത്. പരീക്ഷണം പൂർണവിജയമായിരുന്നില്ലെന്നു പ്രസിഡൻറ് മൂൺ ജേ ഇൻ പറഞ്ഞു. ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിക്കുന്നതിൽ വൈകാതെ വിജയം വരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാങ്കേതികവിദ്യയിൽ ഏറെ മുന്നിലുള്ള ദക്ഷിണകൊറിയ ഉപഗ്രഹ വിക്ഷേപണത്തിൽ വളരെ പിന്നിലാണ്. 2009ലും 2010ലും ബഹിരാകാശ റോക്കറ്റ് വിക്ഷേപിക്കാനുള്ള അവരുടെ ശ്രമം പരാജയപ്പെട്ടിരുന്നു. 2021നകം നുരിയുടെ നാലു പരീക്ഷണങ്ങൾകൂടി നടത്തും. 2030ൽ ചന്ദ്രനിൽ പേടകം ഇറക്കണമെന്നാണു ദക്ഷിണകൊറിയയുടെ ആഗ്രഹം.

കുറച്ചുനാൾ മുന്പ് അന്തർവാഹിനിയിൽനിന്നു വിക്ഷേപിക്കാവുന്ന മിസൈലിൻറെ പരീക്ഷണം ദക്ഷിണകൊറിയ വിജയകരമായി നടത്തിയിരുന്നു. അതേസമയം, ഉത്തരകൊറിയയാകട്ടെ തുടരെത്തുടരെ മിസൈൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഹൈപ്പർസോണിക് മിസൈലും അന്തർവാഹിനി മിസൈലും ഇതിലുൾപ്പെടുന്നു.

## സൂക്ഷ്മ തൊഴിൽ സംരംഭ യൂണിറ്റുകൾക്ക് അപേക്ഷിക്കാം

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്) മുഖേന തീരമൈത്രി പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭ യൂണിറ്റുകൾ തുടങ്ങുന്നതിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾ അടങ്ങുന്ന ഗ്രൂപ്പിന് അപേക്ഷിക്കാം. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റ്, 20 ശതമാനം ബാങ്ക് വായ്പ, അഞ്ച് ശതമാനം ഗുണഭോക്തൃ വിഹിതം എന്നിങ്ങനെ ലഭിക്കും. ഒരു അംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. പ്രായപരിധി 2040. അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ രണ്ട്. ഫോം മത്സ്യഭവൻ ഓഫീസുകൾശക്തികുളങ്ങര സാഫ് ഓഫീസ് എന്നിവടങ്ങളിൽ ലഭിക്കും. ഫോൺ 9633076431 ,9745403570, 9895332871.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.